കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തൃക്കുന്നപ്പുഴ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail: ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-പി3-1311/16

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ.

തീയതി. 21.11.2016

ഫോൺ : 0477 2252753

ഇ-മെയിൽ : ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി- പി3-1311/16 തീയതി : 21.11.2016

# ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-02-2016 മുതൽ 31-10-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | സി. വൈ. സലിം, ഡപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം |
|---|---|
| 03.11.2016 മുതൽ 15.11.2016 വരെ | ശ്രീമതി.സജിതാ ദാസ്, (ഓഡിറ്റ് ഓഫീസർ) |
| | ശ്രീ.ജി.അനിൽ കുമാർ ആശാരി (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ) |
| | ശ്രീ. ആർ. പ്രദീപ് കുമാർ (സീനിയർ ഗ്രേഡ് ഓഡിറ്റർ) |

*(ബി)നിർവ്വഹണാധികാരികൾ*

| | | |
|---|---|---|
| പ്രസിഡന്റ് | *ശ്രീ. വിനോദ് കുമാർ* | *01.04.2015 മുതൽ 30.10.2015 വരെ* |
| | *വേക്കന്റ്* | *01.11.2015 മുതൽ 18.11.2015 വരെ* |
| | *ശ്രീമതി. അമ്മിണി* | *19.11.2015മുതൽ 31.03.2016 വരെ* |

*സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷർ*

| | | |
|---|---|---|
| ശ്രീമതി. ഖുറൈഷാ സവാദ് | ധനകാര്യം | 01.04.2015 – 30.10.2015 |
| ശ്രീ. ഹാരിസ്.ഒ | | 05.12.2015 – 31.03.2016 |
| ശ്രീമതി. സലീന | ആരോഗ്യ വിദ്യാഭ്യാസം | 01.04.2015 – 30.10.2015 |
| ശ്രീമതി. മൈമൂനത്ത് | | 05.12.2015 – 31.03.2016 |
| ശ്രീമതി. താഹിറ ബീവി | ക്ഷേമകാര്യം | 01.04.2015 – 30.10.2015 |
| ശ്രീ. സുധി ലാൽ | | 05.12.2015 – 31.03.2016 |
| ശ്രീ. ഡി.ഷിബു | വികസനം | 01.04.2015 – 30.10.2015 |
| ശ്രീമതി. ഓമന | | 05.12.2015 – 31.03.2016 |

സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | കാലയളവ് |
|---|---|---|
| ശ്രീ. എൻ.എസ്.അശോക് കുമാർ | സെക്രട്ടറി | *1.4.15 - 31.05.15* |
| ശ്രീ. ഗോപാല കൃഷ്ണൻ<br>അസിസ്റ്റന്റ് സെക്രട്ടറി<br>(ഫുൾ അഡീഷണൽ ചാർജ്ജ്) | | *1.6.15 - 26.07.15* |
| ശ്രീ. പ്രീതിനാഥ് | | *27.7.15 - 15.2.16* |
| ശ്രീ. എം. മണിക്കുട്ടൻ<br>അസിസ്റ്റന്റ് സെക്രട്ടറി, (ചാർജ്ജ്) | | *16.2.16 - 23.3.16* |
| ശ്രീമതി. എ.ആമിനാ ബീവി | | *24.3.16 - 31.3.16* |
| ശ്രീ. ഗോപാല കൃഷ്ണൻ | അസിസ്റ്റന്റ് സെക്രട്ടറി | *01.04.2015 – 19.08.2015* |
| ശ്രീ. എം.മണിക്കുട്ടൻ | | *20.08.2015 -31.03.2016* |
| ശ്രീ. ബിജി ജോയ് | കൃഷി ഓഫീസർ | *01.04.2015 – 31.03.2016* |
| ശ്രീ. അബ്ദുൾ അഫാർ | വി.ഇ.ഒ | *01.04.2015 – 31.03.2016* |
| ശ്രീ. റ്റി. ഷാജിമോൻ | | *01.04.2015 – 31.03.2016* |

| | | |
|---|---|---|
| ശ്രീമതി. എസ്.സബിത | അസിസ്റ്റന്റ് എഞ്ചിനീയർ | *01.04.2015 – 01.02.2016FN* |
| ശ്രീ. രാജൻ | | *1.02.2016 AN – 31.03.2016* |
| ഡോ. ശ്രീകല.കെ.ആർ | മെഡിക്കൽ ഓഫീസർ ,<br>ഫിഷറീസ് ആശുപത്രി | *01.04.2015 – 31.03.2016* |
| ശ്രീമതി. ശ്രീദേവി | ഹെഡ്മിസ്ട്രസ് , ഗവ.എൽ.പി.എസ് | *01.04.2015 – 31.03.2016* |
| ശ്രീമതി. പ്രീതാ കുമാരി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | *01.04.2015 – 31.03.2016* |
| ഡോ.അനിത വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | *01.04.2015 – 31.03.2016* |
| ഡോ.ബിനിൽ ബി ചന്ദ്രൻ | വെറ്ററിനറി സർജൻ | *01.04.2015 – 31.03.2016* |
| ഡോ.മകുടം തമ്പി | മെഡിക്കൽ ഓഫീസർ, ഹോമിയോ | *01.04.2015 – 31.03.2016* |
| ശ്രീ. ഹർഷിദ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | *01.04.2015 – 31.03.2016* |

<u>ഉള്ളടക്കം</u>


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|
| | | *ഭാഗം – 1* |
| 1 | 1-1 മുതൽ 1-11 വരെ | പൊതു അവലോകനം |
| | | *ഭാഗം – 2* |
| 2 | 2-1 | നികുതി പിരിവ് സംവിധാനങ്ങളുടെ കാര്യക്ഷമതയില്ലാത്തതും ഉത്തരവാദിത്തരഹിതവുമായ പ്രവർത്തനം - തിരുത്തൽ നടപടികൾ അനിവാര്യം |
| 3 | 2-2 | പരസ്യ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ നടപ്പാക്കിയിട്ടില്ല. |
| 4 | 2-3 | ഡി & ഒ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിൽ പിഴവ്. |
| | | *ഭാഗം – 3* |
| 5 | 3-1 | കുടിവെള്ള കരം ഒടുക്കുന്നില്ല – കുടിശ്ശിക പെരുകുന്നു - ഗ്രാമപഞ്ചായത്തിന്റെ ബാധ്യത 1.07 കോടി രൂപ |
| 6 | 3-2 | ഗ്രാവൽ ഫില്ലിംഗ്-ഡി.എസ്.ആർ ൽ നിരക്ക് ഉണ്ടായിരിക്കെ നിരീക്ഷണ ഡാറ്റാ തയ്യാറാക്കിയിരിക്കുന്നു. |
| 7 | 3-3 | ഫില്ലിംഗ് പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ചിരിക്കുന്നു. |
| 8 | 3-4 | 1:2:4 റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയതു കാരണം |

| | | |
|---|---|---|
| | | ഗ്രാമപഞ്ചായത്തിനു 14350/-രൂപയുടെ നഷ്ടം |
| 9 | 3-5 | വാർഡ് 3 ൽ K.V ജെട്ടി, കീച്ചാൻ മുക്ക് തെറ്റിക്കാട് റോഡ് മെറ്റലിംഗ് - നികുതി കോമ്പൗണ്ട് ചെയ്യാത്ത കരാറുകാരനിൽ നിന്നും നികുതി ഈടാക്കിയതിൽ കുറവ് |
| 10 | 3-6 | കറുകത്തറ ബീച്ച് റോഡ് മെറ്റലിംഗ്-കാലയളവ് ദീർഘിപ്പിക്കുവാൻ പൊതുമരാമത്ത് മാന്യവലിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. |
| 11 | 3-7 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ വർക്കുകൾ - കരാറുകാരിൽ നിന്നും വാറ്റ് ഈടാക്കിയിട്ടില്ല. |
| 12 | 3-8 | അംഗനവാടികൾക്ക് സാധന സാമഗ്രികൾ വാങ്ങൽ പദ്ധതി - വാങ്ങൽ നടപടികളിലെ അപാകതകൾ |
| 13 | 3-9 | അംഗനവാടികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത – അടിയന്തിര നടപടികളുടെ ആവശ്യകത. |
| 14 | 3-10 | ഫ്രണ്ട് ഓഫീസ് സംവിധാനങ്ങൾ അപര്യാപ്തം |
| 15 | 3-11 | ശാരീരിക ,മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് പദ്ധതി - ഗുണഭോക്താക്കൾക്ക് ആനുകൂല്യം പൂർണ്ണമായി ലഭിച്ചില്ല. |
| 16 | 3-12 | തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ് - ബൾബുകളുടെ എണ്ണം, ഇനം എന്നിവയ്ക്ക് വ്യക്തമായ കണക്കുകളില്ല. |
| 17 | 3-13 | ഒൻപതാം വാർഡിൽ കുഴൽകിണർ നിർമാണം-പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 18 | 3-14 | പത്താം തരം തുല്യത-വിനിയോഗ രേഖയില്ല |
| *ഭാഗം – 4* | | |
| 19 | 4-1 മുതൽ 4-10 വരെ | വാർഷിക കണക്കുകളുടെ പരിശോധന |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷങ്ങളിലെ ബഡ്ജറ്റ് താഴെ പറയും പ്രകാരം പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടുണ്ട്. വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതികൂടി ഉൾപ്പെടുത്തി ബജറ്റ് പുതുക്കി ഭരണ സമിതിയുടെ അംഗീകാരം തേടേണ്ടതുണ്ട്. അപ്രകാരം 2015-16 സാമ്പത്തിക വർഷം ബജറ്റ് പുതുക്കി അംഗീകാരം വാങ്ങിയിട്ടില്ല.

| ബഡ്ജറ്റിന് അംഗീകാരം നൽകിയ തീയതി | ബഡ്ജറ്റ് പ്രകാരമുള്ളത് | | വാർഷിക കണക്ക് പ്രകാരമുള്ളത് | | ശതമാനം | |
|---|---|---|---|---|---|---|
| | വരവ് | ചെലവ് | വരവ് | ചെലവ് | വരവ് | ചെലവ് |
| 23.03.2015 | 10,00,56,496 | 9,21,08,000 | 3,23,48,221 | 4,02,45,768 | 32% | 44% |

ബഡ്ജറ്റ് പ്രകാരമുള്ള വരവ് ചെലവിന്റെ യഥാക്രമം 32%, 44% മാത്രമാണ് യഥാർത്ഥ വരവ് ചെലവുകൾ. പെരുപ്പിച്ച മതിപ്പ് വരവ് ചെലവുകൾ സൂചിപ്പിക്കുന്നത് ഉചിതമായ രീതിയിലുള്ള ധനകാര്യ ആസൂത്രണത്തിന്റെ അഭാവത്തെയാണ്. യാഥാർത്ഥ്യ ബോധത്തോടെ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 16.07.2016 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

| വർഷം | 2015-16 |
|---|---|
| മുന്നിരിപ്പ് | 1,48,09,785.13 |
| വരവ് | 3,23,48,221.00 |
| ആകെ | 4,71,58,006.13 |
| ചെലവ് | 4,02,45,768.00 |
| നീക്കിയിരിപ്പ് | 69,12,238.13.00 |

1-5 ഫണ്ട് വിനിയോഗം (2015-16)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 685306 | 53,45,988 | 6031294 | 6031294 | 0 | |
| വികസനഫണ്ട് എസ്.സി.പി. | 1380400 | 7,98,915 | 2179315 | 2179315 | 0 | |
| വികസനഫണ്ട് ടി.എസ്.പി. | - | - | - | - | - | |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 674887 | 23,49,355 | 3024242 | 3024242 | 0 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 309784 | 1458453 | 1768237 | 1768237 | 0 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1043839 | 6959238 | 8003077 | 8003077 | 0 | |
| പെർഫോമൻസ് ഗ്രാന്റ് | 3756000 | 16,49,330 | 5405330 | 5405330 | 0 | |
| എം.എൻ.ആർ.ഇ.ജി.എസ്. | 49116 | 3,76,40,622 | 3,76,89,738 | 3,76,63,061 | 26677 | |
| ബി ഫണ്ട് | 0 | 1,55,28,680 | 1,55,28,680 | 1,55,28,680 | 0 | |

1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 144 | 4,79,83,196 | 86 | 2,75,10,979 | 9 | 49 | 60% |

പദ്ധതി അടങ്കലിന്റെ ആകെ *57%* മാത്രമാണ് യഥാർത്ഥ ചെലവ്. പ്രോജക്ടുകൾ അതത് വർഷം തന്നെ പൂർത്തിയാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 29 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം 2014-15 | തൻവർഷം 2015-16 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 26,69,783 | 17,34,307 | (-) 9,35,476 | -35% |
| നികുതിയേതര വരവുകൾ | 2,90,031 | 2,73,007 | (-) 17024 | - 6% |
| മറ്റുവരവുകൾ | 2,629 | 92,349 | (+) 89,720 | (+) 34.12% |
| ആകെ | 29,62,443 | 20,99,663 | 8,62,780 | - 29% |

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| | 2015-16 | |
| തൊഴിൽരഹിത വേതനം | 8,92,920 | 531 |
| കർഷകതൊഴിലാളി പെൻഷൻ | 7,12,200 | 102 |
| വിധവാപെൻഷൻ | 59,92,400 | 538 |
| വാർദ്ധക്യകാലപെൻഷൻ | 39,49,650 | 950 |
| വികലാംഗപെൻഷൻ | 31,75,950 | 332 |
| അഗതി പെൻഷൻ | 4,06,560 | 34 |
| വിധവകളുടെ മക്കൾക്ക് വിവാഹ ധനസഹായം | 3,90,000 | 13 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.11.2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 216/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം.

രജിസ്റ്ററുകളും രേഖകളും തയ്യാറാക്കുന്നതിൽ തികഞ്ഞ അലംഭാവം പ്രകടമാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം എഴുതി വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തുയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.
2. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പൂർണ്ണമല്ല. പെർമിറ്റുകളിന്മേൽ സ്വീകരിക്കുന്ന തുടർ നടപടികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.
3. ഡപ്പോസിറ്റ് പ്രവൃത്തികൾക്കായി നൽകുന്ന തുകകളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ മോണിട്ടർ ചെയ്യാൻ കഴിയുന്നില്ല. രജിസ്റ്ററിൽ ഓണം അഡ്വാൻസ് മാത്രമാണ് എഴുതി പോരുന്നത്. മുൻകൂർ രജിസ്റ്ററിൽ തുകകൾ ക്രമീകരിക്കുന്നതിന്റെ വിവരം എഴുതി സൂക്ഷിക്കുന്നില്ല. വാർഷിക ക്ലോസിംഗ് നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.
4. തൊഴിൽ രഹിത വേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5. ക്ഷേമ പെൻഷനുകൾക്കുവേണ്ടി ലഭിച്ച അപേക്ഷകളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.
6. തെരുവ് വിളക്കുകളുടെ (പോസ്റ്റ് നമ്പർ ഉൾപ്പെടുത്തിയത്) വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
7. വസ്തുനികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകളൊന്നും തന്നെ എഴുതി സൂക്ഷിച്ചിട്ടില്ല.
8. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
9. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമല്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.10.2016 | 9/16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.04.2007 | 1998-1999 മുതൽ 2006-2007 വരെ | 18.07.2007 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 നികുതി പിരിവ് സംവിധാനങ്ങളുടെ കാര്യക്ഷമതയില്ലാത്തതും ഉത്തരവാദിത്തരഹിതവുമായ പ്രവർത്തനം - തിരുത്തൽ നടപടികൾ അനിവാര്യം

പഞ്ചായത്തിലെ നികുതി പിരിവ് സംവിധാനങ്ങൾ പൊതുവിലും വസ്തു നികുതിയുടെ പിരിവ് പ്രത്യേകിച്ചും തീരെ കാര്യക്ഷതയില്ലാതെയാണ് പ്രവർത്തിക്കുന്നത്. ഔട്ട് ഡോർ കളക്ഷൻ തീരെ നടക്കുന്നില്ല. 2015-16 സാമ്പത്തിക വർഷം കേവലം രണ്ട് രസീതു ബുക്കുകൾ മാത്രമാണ് പിരിവിനായി ഉപയോഗിച്ചിട്ടുള്ളത്. ഇവ ഉപയോഗിച്ച് 142 പേരിൽ നിന്നും നികുതി പിരിച്ചു. സാമ്പത്തിക വർഷാവസാനമായ 31.03.2016 ൽ ആണ് കൂടുതൽ പിരിവും നടത്തിയിട്ടുള്ളത്. നടപ്പു സാമ്പത്തിക വർഷം ഇതുവരെ നികുതികളുടെ പുറം പിരിവ് നടത്തിയിട്ടില്ല. പിരിവിനായി രസീതു ബുക്കുകൾ ഒന്നും തന്നെ ഓഡിറ്റ് അവസാനിക്കുന്ന തീയതി വരെ ഇഷ്യൂ ചെയ്തിട്ടില്ല.

ഈ വിഷയം ഇതിനകം പഞ്ചായത്തിന്റെ ഭരണ നേതൃത്വത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. പഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 28.05.2016 – ൽ കൂടിയ യോഗത്തിൽ ഈ വിഷയം പരിഗണിക്കുകയുണ്ടായി. പഞ്ചായത്തിന് ലഭിക്കേണ്ട കെട്ടിട നികുതിയുടെ ഒരു ശതമാനം പോലും ഇതുവരെ പിരിച്ചിട്ടില്ല എന്നും ഇപ്രകാരം സംഭവിച്ചിട്ടുള്ളത് നികുതി പിരിവിന്റെ ഉത്തരവാദിത്തം ഏൽപ്പിക്കപ്പെട്ട ജീവനക്കാരുടെ കൃത്യനിർവ്വഹണത്തിലെ വീഴ്ച കാരണമെങ്കിൽ ഉചിതമായ നടപടികൾ സ്വീകരിച്ച് നികുതി പിരിച്ചെടുക്കുവാനും കമ്മറ്റി തീരുമാനിക്കുകയുണ്ടായി. എന്നാൽ ഇതുവരെ ഫലപ്രദമായ ഒരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല.

ഓഡിറ്റിനായി നൽകിയ കെട്ടിട നികുതിയുടെ ഡിമാന്റ് രജിസ്റ്ററുകളിൽ 2013- 14 വർഷത്തെ നികുതി പിരിവു വരെ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. അരിയർ ഡിമാന്റ് രജിസ്റ്റർ, ഡി.സി.ബി. സ്റ്റേറ്റ്മെന്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്തിന് ലഭ്യമാകേണ്ട നികുതി വരുമാനം ഡിമാന്റ് ചെയ്യുന്നതിൽ വരെ പരാജയപ്പെടുന്ന സ്ഥിതിയാണ് നിലവിൽ ഉള്ളത്. ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച് ഗ്രാമ പഞ്ചായത്തുകളിൽ വിന്യസിച്ചിട്ടുള്ള വസ്തു നികുതി നിർണ്ണയ സോഫ്റ്റ് വെയറായ സഞ്ചയ യിൽ

ഡാറ്റാബേസിൽ വരുത്തേണ്ട എൻട്രികൾ ഇതുവരെ പൂർണ്ണമാക്കിയിട്ടില്ല. ആയതിനാൽ ഡാറ്റാബേസിൽ വന്ന എൻട്രികൾ മാത്രമാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്. കെട്ടിട നികുതിയുടെ 2014-15, 2015-16 വർഷങ്ങളിലെ ഡിമാന്റ്, കളക്ഷൻ എന്നിവയുടെ സംക്ഷിപ്തം താഴെ കൊടുക്കുന്നു.

| കെട്ടിട നികുതി | ഡിമാന്റ് | കളക്ഷൻ |
|---|---|---|
| 2014-15 | 19,64,593 | 11,22,167 |
| 2015-16 | 7,59,916 | 5,76,754 |

ഡിമാന്റിൽ 12,04,677/- രൂപയുടെ കുറവാണ് സംഭവിച്ചിട്ടുള്ളത്. കെട്ടിട നികുതി ഡാറ്റാ എൻട്രി സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

## 2-2 പരസ്യ നികുതി ഈടാക്കിയിട്ടില്ല.

2015 – 16 സാമ്പത്തികവർഷം പരസ്യ നികുതി ഇനത്തിൽ പഞ്ചായത്തിന് വരവില്ല. എന്നാൽ ഗ്രാമ പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം ഉൾപ്പെടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പരസ്യങ്ങൾ പ്രദർശിപ്പിച്ചു കൊണ്ടുള്ള ഹോർഡിംഗുകൾ, ബാനറുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഇപ്രകാരം പരസ്യങ്ങൾ സ്ഥാപിച്ചവരിൽ നിന്നും നിയമാനുസൃതമായ പരസ്യ നികുതി ഈടാക്കാഞ്ഞതിനു കാരണം അന്വേഷിച്ചുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം. 6/09.11.2016)

പരസ്യ നികുതി ഈടാക്കുന്നതിനായി പഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള ബൈലോയ്ക്ക് 01.02.2016 – ൽ അംഗീകാരം ലഭിച്ചിട്ടുള്ളതാണെന്നും ഈ സാമ്പത്തിക വർഷം തന്നെ പരസ്യ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. ബൈലോയ്ക്ക് സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുമ്പേ തന്നെ അംഗീകാരം ലഭിച്ചിട്ടും നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കാഞ്ഞത് പഞ്ചായത്ത് അധികൃതരുടെ ഭാഗത്തു നിന്നുള്ള കടുത്ത ഉദാസീനതയായി ഓഡിറ്റ് വിലയിരുത്തുന്നു. പരസ്യനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിൽ പിഴവ്.

പഞ്ചായത്ത് പരിധിയ്ക്കുള്ളിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. ഉദാഹരണത്തിന് ഗ്രാമ പഞ്ചായത്ത് ഓഫീസിന് സമീപം പ്രവർത്തിയ്ക്കുന്ന താഴെ പറയുന്ന വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ഇവ ഈടാക്കിയിട്ടില്ല. ഈ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട് (അന്വേഷണം നം. 12)

1) നമ്പലശ്ശേരിൽ ജ്യുവല്ലേഴ്സ് 2) കടിലിൽ ജ്യുവല്ലേഴ്സ് 3) അനശ്വര ജ്യുവല്ലേഴ്സ് 4) ഷൈമാസ് ഹോണ്ട ടൂ വീലർ ഷോ റൂം 5) ആയിരത്ത് യമഹ ടൂ വീലർ ഷോ റൂം 6) കൊശമറ്റം ഫിനാൻസ് (പ്രൈ) ലിമിറ്റഡ്. 7) വൈദ്യരത്നം ഔഷധശാല 8) രമേശ് ഡിജിറ്റൽ സ്റ്റുഡിയോ 9) സലാല മൊബൈൽസ് 10) ആരണ്യ എഗ്രി നഴ്സറി, പതിയാങ്കര.

പഞ്ചായത്ത് ഓഫീസിന്റെ സമീപത്ത് പ്രവർത്തിക്കുന്ന പ്രമുഖ സ്ഥാപനങ്ങളിൽ നിന്നു പോലും അർഹമായ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തത് അംഗീകരിക്കാനാവില്ല.

പഞ്ചയത്തിന്റെ തനതു വരുമാനത്തിൽ ഗണ്യമായ ശോഷണം വരുന്നതിനു പുറമെ അനധികൃതമായ

കച്ചവടത്തിനും സാമ്പത്തിക വിനിമയത്തിനും വഴി വെയ്ക്കുവാൻ ഇത് കാരണമാകും. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് നൽകേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കുടിവെള്ള കരം ഒടുക്കുന്നില്ല – കുടിശ്ശിക പെരുകുന്നു - ഗ്രാമപഞ്ചായത്തിന്റെ ബാധ്യത 1.07 കോടി രൂപ

കേരള വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 655 പൊതു ടാപ്പുകളാണുള്ളത്. 2015-16 വർഷം പ്രതിമാസ കുടിവെള്ള കരം ഗ്രാമപഞ്ചായത്ത് ഒടുക്ക് വരുത്തിയിട്ടില്ല. പ്രതിമാസ കരം 2,86,563/- രൂപയാണ്. പ്രതിമാസ കരം യഥാസമയം ഒടുക്കുവരുത്താത്തതിനാൽ നിലവിലെ കുടിശ്ശിക (10/16) 1,07,65,958/- രൂപയായി വർദ്ധിച്ചിരിക്കുന്നു. കുടിശ്ശിക തുകയ്ക്ക് വാട്ടർ അതോറിറ്റി പ്രതിമാസം 2 ശതമാനം നിരക്കിലാണ് പിഴ ചുമത്തുന്നത്. നിലവിൽ പ്രതിമാസം 2 ലക്ഷത്തിലധികം രൂപ വാട്ടർ അതോറിറ്റി പിഴ കണക്കാക്കുന്നുണ്ട്. ഓഡിറ്റ് വർഷം മാത്രമായി പിഴപലിശ ഇനത്തിൽ 1026645 രൂപയാണ് വാട്ടർ അതോറിറ്റി ചുമത്തിയിട്ടുള്ളത്. വാട്ടർ അതോറിറ്റിയുടെ 10/16 ലെ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | പ്രാരംഭ കുടിശ്ശിക | പിഴ പലിശ | തൻമാസ കരം | മാസാന്ത്യ കുടിശ്ശിക |
|---|---|---|---|---|
| 10/16 | 1,02,77,688 | 2,01,707 | 2,86,563 | 1,07,65,958 |

എല്ലാ ഗ്രാമപഞ്ചായത്തുകളും, നഗരസഭകളും തങ്ങളുടെ സ്ഥാപനത്തിന്റെ പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം ജലഅതോറിറ്റിയുടെ സഹായത്തോടെ സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ അവസ്ഥയും, എണ്ണവും തിട്ടപ്പെടുത്തണമെന്ന സർക്കാർ നിർദ്ദേശം (സ.ഉ.(സാധരണ) നം. 1275/2009/തസ്വഭവ, തീയതി. 30.05.2009) ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ കണക്ക് പ്രകാരം 240 പൊതുടാപ്പുകൾ ഉപയോഗശൂന്യമാണ്. ഈ വിവരം ജല അതോറിറ്റിയെ അറിയിച്ചിട്ടുള്ളതാണ്. കൂടാതെ 2012-13 വർഷം മുതൽ 2015-16 വരെ 1609 ഗാർഹിക വാട്ടർ കണക്ഷനും (ജനറൽ - 1429, എസ്.സി - 180) ഗ്രാമപഞ്ചായത്ത് നൽകിയിട്ടുണ്ട്. സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി താരിഫ് പുനക്രമീകരിക്കുന്നതിന് പല തവണ ഗ്രാമപഞ്ചായത്ത് കത്ത് നൽകിയെങ്കിലും ജല അതോറിറ്റിയുടെ നിസ്സഹകരണം കാരണം കുടിശ്ശിക വർദ്ധിക്കുന്നു.

പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ് കേരള വാട്ടർ അതോറിറ്റി നിർദ്ദേശിക്കുന്ന തീയതിക്കുള്ളിൽ നിശ്ചയമായും ഒടുക്കേണ്ടതാണെന്ന് പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങളെ അവഗണിച്ച് യഥാസമയം ബിൽ തുക ഒടുക്കാത്തതുമൂലം ഓഡിറ്റ് വർഷം പിഴപ്പലിശ ഇനത്തിൽ ഗ്രാമപഞ്ചായത്തിനുണ്ടായിട്ടുള്ള ബാധ്യത ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും, ഭരണസമിതി അംഗങ്ങളുടെയും ബാധ്യതയാവുന്നതാണ്. ആയതിനാൽ ഇതിന്മേൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3-2 ഗ്രാവൽ ഫില്ലിംഗ്-ഡി.എസ്.ആർ ൽ നിരക്ക് ഉണ്ടായിരിക്കെ നിരീക്ഷണ ഡാറ്റാ തയ്യാറാക്കിയിരിക്കുന്നു.

ഓഡിറ്റ് വർഷം (2015-16 ) ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയ വിവിധ റോഡ് നിർമ്മാണ

പ്രവൃത്തികളുടെ ഭാഗമായി മണ്ണ് ഫില്ലിംഗ് നടത്തിയതിന് കരാറുകാർക്ക് 903.50/$m^3$ നിരക്കിൽ തുക നൽകിയിട്ടുണ്ട്. DSR-ലെ ഇനം 2.2.1 പ്രകാരമുള്ള സ്പെസിഫിക്കേഷൻ അനുസരിച്ച് പ്രവൃത്തി നടത്തുന്നതിനുള്ള അർഹമായ നിരക്ക് 383.10/m3 ആണ്. ഈ നിരക്കിനോടൊപ്പം ആലപ്പുഴ ജില്ലയ്ക്ക് ബാധകമായ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തുമ്പോൾ അനുവദിക്കാവുന്ന നിരക്ക് 558.17/m3(383.10x1.457) ആണ്. ഡി.എസ്.ആർ ൽ നിരക്ക് ഉണ്ടായിരിക്കെ നിരീക്ഷണ ഡാറ്റാ തയ്യാറാക്കി വർദ്ധിച്ച നിരക്ക് അനുവദിക്കാനുണ്ടായ കാരണം വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ബ്ലോക്ക് എ.എക്സ്.ഇ സാങ്കേതികാനുമതി നൽകിയ നിരക്കാണ് നൽകിയതെന്നാണ് മറുപടി നൽകിയത്. മറുപടി തൃപ്തികരമല്ല. വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-3 ഫില്ലിംഗ് പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ചിരിക്കുന്നു.

2015-16 വർഷം ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയ വിവിധ റോഡ് നിർമ്മാണ പ്രവൃത്തികളുടെ ഭാഗമായി മണ്ണ് ഫില്ലിംഗ് നടത്തിയതിന് നിരീക്ഷണ ഡാറ്റാ കണക്കാക്കി കൺവീനർക്ക് 789.50/$m^3$നിരക്ക് അനുവദിച്ചിട്ടുണ്ട്. DSR-ലെ ഇനം 2.2.1 പ്രകാരമുള്ള സ്പെസിഫിക്കേഷൻ അനുസരിച്ച് പ്രവൃത്തി നടത്തുന്നതിന് അർഹമായ നിരക്ക് 383.10/$m^3$ ആണ്. ഈ നിരക്കിനോടൊപ്പം ആലപ്പുഴ ജില്ലയ്ക്ക് ബാധകമായ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തുമ്പോൾ അനുവദിക്കാവുന്ന നിരക്ക് 558.17/$m^3$ (383.10x1.457) ആണ്. നിരീക്ഷണ ഡാറ്റായിൽ 20 സെ.മീ. കനത്തിൽ മണ്ണ് വിരിച്ച് വെള്ളം ഒഴിച്ച് ഡീസൽ റോഡ് റോളർ ഉപയോഗിച്ച് കൺസോളിഡേറ്റ് ചെയ്യുന്നതിനുള്ള ചെലവും പ്രസ്തുത നിരക്കിൽ ഉൾപ്പെട്ടിട്ടുണ്ട്. എം ബുക്കിൽ കൺസോളിഡേഷന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ പ്രവൃത്തികളുടെ കൺവീനർമാർ ഹാജരാക്കിയിട്ടുള്ള ചെലവ് കണക്കുകൾ പരിശോധിച്ചതിൽ ഡീസൽ റോളർ ഉപയോഗിച്ച് മണ്ണ് കൺസോളിഡേറ്റ് ചെയ്തതിന്റെ റോളർ വാടക/ഡീസൽ ചെലവ് സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ റോളർ ഉപയോഗിച്ച് കൺസോളിഡേഷൻ നടന്നിട്ടില്ലെന്ന് ന്യായമായും കരുതാവുന്നതാണ്. കൺസോളിഡേഷൻ ഇല്ലാത്ത സംഗതിയിൽ അതിനായി ഉൾപ്പെടുത്തിയ നിരക്ക് അനുവദനീയമല്ല.

കേരള പൊതുമരാമത്ത് മാനുവൽ, സെക്ഷൻ 2109 പ്രകാരം ടേപ്പ് മെഷർമെന്റ് അളവിൽ നിന്നും 10% കുറവ് വരുത്തിയാണ് തുക അനുവദിക്കേണ്ടത്. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ അപ്രകാരം കുറവ് വരുത്തിയിട്ടില്ല.

| ക്രമ നം | പ്രവൃത്തിയുടെ വിവരം | ഇനം നം. | ചെയ്ത അളവ് (m3) | പ്രതിഫലം നൽകിയ അളവ്, നിരക്ക് തുക | അനുവദനീയമായ അളവ് (10% കുറവ് ചെയ്തതിന് ശേഷം), നിരക്ക്, തുക | നഷ്ടം |
|---|---|---|---|---|---|---|
| 1. | പ്രോജക്ട് നം. S0066/15-16 - വരാമൂല കൊട്ടാരം റോഡ് ഗ്രാവലിംഗ്<br>അടങ്കൽ - 2,00,000<br>കൺവീനർ - ജഗദപ്പൻ<br>ചെലവ് -1,99,175<br>ബിൽ നം., തീ. - 9,10/13.11.15<br>എം.ബുക്ക് നം.9/15-16 | 1 | 239 | $238m^3$@ $789.50/m^3$= 1,87,901 | 215.1@$789.50/m^3$= 1,69,821 | 18080 |
| 2. | പ്രോജക്ട് നം. - S0057/15-16<br>കല്ലുംപ്പള്ളി റോഡ് ഗ്രാവലിംഗ്<br>അടങ്കൽ - 61,000<br>കൺവീനർ - ഇർഷാദ്<br>ചെലവ് -60,887<br>ബിൽ നം., തീ. -14/ 22.12.2015<br>എം.ബുക്ക് നം.10/15-16 | 1 | 72.756m3 | $72.756m^3$@ 789.50= 57,440.86 | 65.48@789.50= 51696 | 5745 |
| 3. | പ്രോജക്ട് നം- S0137/15-16<br>പുല്ലുകാട് വയനോളിച്ചിറ റോഡ് ഗ്രാവലിംഗ്<br>അടങ്കൽ - 1,80,000<br>കൺവീനർ - രാജേഷ്<br>ചെലവ് -1,79,167<br>ബിൽ നം., തീ. - 8/13.11.15<br>എം.ബുക്ക് നം.5/15-16 | 3 | $107.285m^3$ | 107.10@ $785.7/m^3$= 84,148.47 | 96.55@$785.7/m^3$= 75859 | 8289 |

| | | | | | | |
|---|---|---|---|---|---|---|
| 4. | പ്രോജക്ട് നം - S0059/15-16<br>വിവിധ നടവഴികൾ രൂപീകരണം<br>അടങ്കൽ - 3,17,000<br>കൺവീനർ - ഷില<br>ചെലവ് -3,14,020<br>ബിൽ നം.13 , തീ. 22.12.15<br>എം.ബുക്ക് നം. 11/15-16 | 2 | 212.055$m^3$ | 212.055$m^3$@<br>785.70/$m^3$=<br>1,66,611.61 | 190.85@785.70/$m^3$=<br>1,49,950.84 | 16661 |
| 5. | പ്രോജക്ട് നം. - S086/15-16<br>അടങ്കൽ - 1,80,000<br>കൺവീനർ - ഗോപി<br>ചെലവ് -1,79,372<br>ബിൽ നം.2 , തീ.23.07.2015<br>എം.ബുക്ക് നം.1/15-16 | 2 | 155.70$m^3$ | 155.70@<br>785.70/$m^3$=<br>121979.92 | 140.13@785.70/$m^3$=<br>1,10,100.14 | 11880 |
| | | | | | | 66166 |

അധികമായി തുക അനുവദിക്കാനുണ്ടായ കാരണം വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് കൺസോൾഡേഷൻ നടത്തിയിട്ടാണ് അളവുകൾ എടുത്തിരുന്നതെന്നാണ് മറുപടി നൽകിയത്. എന്നാൽ എം.ബുക്കിലോ കരാറുകാരന്റെ കണക്കിലോ കൺസോൾഡേഷൻ സംബന്ധിച്ച യാതൊരു വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ മറുപടി അംഗീകരിക്കുന്നില്ല. ഇത് സംബന്ധിച്ച് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്. അധിക തുക 66,166/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-4 1:2:4 റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയതു കാരണം ഗ്രാമപഞ്ചായത്തിനു 14350/-രൂപയുടെ നഷ്ടം

2015-16-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അസി.എഞ്ചിനീയർ നടപ്പിലാക്കിയ വിവിധ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ 1:2:4 അനുപാതത്തിൽ 20 mm മെറ്റൽ ഉപയോഗിച്ചുള്ള കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയിട്ടുള്ളതായി കാണുന്നു. 17.04.2013-ൽ പ്രാബല്യത്തിൽ വന്നിട്ടുള്ള DSR 2014 പ്രകാരമാണ് 2015-16 വാർഷിക പദ്ധതിയിലെ മരാമത്ത് പ്രവൃത്തി കളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയിട്ടുള്ളത്. CPWD, Analysis of rates-2014, Volume-1 പ്രകാരം 1:2:4 അനുപാതത്തിലുള്ള റോഡ് കോൺക്രീറ്റിംഗിന്റെ (DSR Code: 4.1.3) അടിസ്ഥാന നിരക്ക് (Base rate) 5466.30 രൂപയാണ്. PWD, ചീഫ് എഞ്ചിനീയറുടെ 15.12.2014-ലെ CD/Admin/ PLA/1014/ 2005 സർക്കുലർ പ്രകാരം ആലപ്പുഴ ജില്ലയ്ക്ക് 01.04.2014 മുതൽ ബാധകമായ Cost Index 45.71% ആണ്. ഇതു പ്രകാരം 1:2:4 കോൺക്രീറ്റിംഗിന് നൽകാവുന്ന നിരക്ക് (5466.3x1.457) 7964.39/$m^3$ ആണ്.

എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ റോഡ് നിർമ്മാണത്തിന് അവലംബിക്കേണ്ട സ്പെസിഫിക്കേഷന

(Code 4.1.3) പകരം തറ നിരപ്പാക്കലിന് ബാധകമായ സ്പെസിഫിക്കേഷനും (Flooring, DSR Code: 11.7), നിരക്കും (8391.73/$m^3$) അവലംബിച്ചാണ് പ്രവൃത്തി നടത്തിയിട്ടുള്ളതെന്ന് കണ്ടു . അധിക നിരക്ക് നൽകിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിവരം | ഇനം നം. | അളവ് ($m^3$) | പ്രതിഫലം നൽകിയത് (@8391.73/$m^3$) | അനുവദനീയമായത് (@ 7964.39/$m^3$) | നഷ്ടം |
|---|---|---|---|---|---|---|
| 1 | പ്രോജക്ട് നം. - S0135/16,<br>എളേരി പുത്തൻപുര റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ - 2,03,000<br>കരാറുകാരൻ - ഷറീഫ്, 06.08.2015<br>ചെലവ് - 1,94,436<br>ബിൽ നം., തീ. - 40/15-16/30.03.2016<br>എം.ബുക്ക് നം. – 39/15-16 | 3 | 8.58 | 72001 | 68334 | 3667 |
| 2 | പ്രോജക്ട് നം. -s00139/15-16,<br>വാർഡ് 16 ൽ മൂശാരി വടക്ക് വശം നടവഴി കോൺക്രീറ്റിംഗ്<br>അടങ്കൽ - 1,92,000<br>കരാറുകാരന്റെ പേര്/കരാർ തീയതി-ശ്രീ.പ്രതാപൻ/24.07.2015<br>ചെലവ് - 1,90,566<br>ബിൽ നം., തീ. - 3/15-16/15.09.2015<br>എം.ബുക്ക് നം.4/15-16 | 3 | 8 | 67133.84 | 63715 | 3419 |
| 3 | പ്രോജക്ട് നം. – S0129/16,<br>മണ്ണേൽ ലക്ഷംവീട് റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ - 4,20,000<br>കരാറുകാരന്റെ പേര്/കരാർ തീയതി-ശ്രീ.വി.കരുണാകരൻ/29.07.2015<br>ചെലവ് - 4,18,990<br>ബിൽ നം., തീ. - 5/15-16/15.9.15<br>എം.ബുക്ക് നം.3/15-16 | 3 | 17 | 142659.41 | 1,35,395 | 7264 |
| | ആകെ | | | | | 14350 |

മേൽ പറഞ്ഞ അപാകതകളിൻ മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ജില്ലാ തലത്തിൽ നടത്തിയ പരിശീലന ക്ലാസിന്റെ അടിസ്ഥാനത്തിലാണ് ഈ നിരക്ക് നൽകിയതെന്നാണ് മറുപടി നൽകിയിരിക്കുന്നത്. അത് അംഗീകരിക്കുന്നില്ല.

അധിക നിരക്ക് നൽകിയതു മൂലം ഗ്രാമപഞ്ചായത്തിനു നഷ്ടമായ 14350/- രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ

അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 വാർഡ് 3 ൽ K.V ജെട്ടി, കീച്ചാൻ മുക്ക് തെറ്റിക്കാട് റോഡ് മെറ്റലിംഗ് - നികുതി കോമ്പൗണ്ട് ചെയ്യാത്ത കരാറുകാരനിൽ നിന്നും നികുതി ഈടാക്കിയതിൽ കുറവ്

പ്രോജക്ട് നം. – S081/15-16

കരാറുകാരൻ – ശ്രീ .ഗോപാലകൃഷ്ണൻ

ചെലവ് – 1,41,571/- (ബിൽ നം. 25/29.02.16)

എം.ബുക്ക് നം. – 24/15-16

ഗോപാലകൃഷ്ണൻ എന്ന കരാറുകാരൻ തൻ വർഷം നികുതി കോമ്പൗണ്ട് ചെയ്തിട്ടില്ല. കൊമേഴ്യൽ ടാക്സ് ഓഫീസിൽ നിന്നുള്ള 10.02.2016 ലെ കത്ത് പ്രകാരം 10.02.2016 മുതൽ 30 ദിവസത്തേക്ക് ഈ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടുന്ന നികുതി 8% ആയി നിശ്ചയിച്ച് നൽകിയിട്ടുണ്ട്. അനുബന്ധ ഫയലിൽ 8% നികുതി നിശ്ചയിച്ചതിന്റെ സാക്ഷ്യപത്രം വെച്ചിട്ടുണ്ടെങ്കിലും 4% മാത്രമാണ് ഈടാക്കിയിട്ടുള്ളത്. എം ബുക്ക് പേജ് 8 ൽ അവസാന അളവ് അസി.എഞ്ചിനീയർ രേഖപ്പെടുത്തിയിരിക്കുന്നത് 30.01.2016 ലാണ്. അവസാന അളവ് രേഖപ്പെടുത്തുന്ന കാലയളവിൽ ടിയാൻ നികുതി കോമ്പൗണ്ട് ചെയ്തിട്ടില്ല (വാറ്റ് ) എന്ന് വ്യക്തമാണ്. നികുതി കോമ്പൗണ്ട് ചെയ്യാത്ത കരാറുകാരിൽ നിന്നും 14.5% നികുതി ഈടാക്കേണ്ടുന്നതിന് പകരം 4% മാത്രമാണ് നികുതി ഈടാക്കിയിരിക്കുന്നത്.

| ആകെ മൂല്യം | വാറ്റ് ഇനത്തിൽ ഈടാക്കിയത് (4%) | വാറ്റ് ഇനത്തിൽ ഈടാക്കേണ്ടത് (14.5%) | കുറവ് |
|---|---|---|---|
| 1,44,460 | 5663 | 20947 | 15,284 |

കരാറുകാരനിൽ നിന്നും യഥാവിധി നികുതി ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കേണ്ടതാണ്.

## 3-6 കറുകത്തറ ബീച്ച് റോഡ് മെറ്റലിംഗ്-കാലയളവ് ദീർഘിപ്പിക്കുവാൻ പൊതുമരാമത്ത് മാന്യുവലിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

പ്രോജക്ട് നം. – S0122/16

അടങ്കൽ – 3,53,000

കരാറുകാരൻ – മുഹമ്മദ് ഷാഫി.എം

ബിൽ നം., തീ. – 3,48,983/-(39/23.07.2015)

എം.ബുക്ക് നം. – 38/15-16

കറുകത്തറ ബീച്ച് റോഡ് മെറ്റലിംഗ് എന്ന പ്രവൃത്തിക്ക് കരാർ ചമച്ചിരിക്കുന്നത് 19-11-2014 ലും സൈറ്റ് കൈമാറിയിരിക്കുന്നത് 29-11-14 ലുമാണ്. എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 60 ദിവസമായിരുന്നു പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി. എന്നാൽ എം. ബുക്കിൽ അവസാന അളവ് രേഖപ്പെടുത്തിയിരിക്കുന്നത് 22-02-2016 ലാണ്. പൊതുമരാമത്ത് മാന്യുവലിലെ നിർദ്ദേശാനുസരണം (സെക്ഷൻ 2112) കാലയളവ് ദീർഘിപ്പിക്കുവാൻ നടപടിക്രമങ്ങളൊന്നും സ്വീകരിച്ചിട്ടില്ല. സെക്ഷൻ 2112-1 പ്രകാരം പിഴ ഈടാക്കി ഒറിജിനൽ പൂർത്തീകരണ കാലാവധിക്കകം ദീർഘിപ്പിക്കുവാൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന

അപേക്ഷിക്കാത്ത പക്ഷം കരാർ ദുർബലപ്പെടുന്നതാണ്. ദീർഘീകരണം ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാകയാൽ അതിന് തുക നൽകാവുന്നതല്ലെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. ആയതിനാൽ ചെലവ് തുക 3,48,983/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ വർക്കുകൾ - കരാറുകാരിൽ നിന്നും വാറ്റ് ഈടാക്കിയിട്ടില്ല.

2003 ലെ വാറ്റ് ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് നികുതി കോമ്പൗണ്ട് ചെയ്യാത്ത കരാറുകാർ വിവിധ സാധനസാമഗ്രികൾ സപ്ലൈ ചെയ്യുമ്പോൾ അതാതു കാലയളവിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ വാറ്റ് അടയ്ക്കുവാൻ/ഈടാക്കുവാൻ ബാധ്യസ്ഥരാണ്. തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ 2015 – 16 വർഷം ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹിച്ച വിവിധ നടപ്പാത ഗ്രാവലിംഗ് വേലകൾക്കാവശ്യമായ മെറ്റീരിയൽസ് കരാറുകാരിൽ നിന്നും ടെണ്ടർ ക്ഷണിച്ച് കരാർ വെച്ചാണ് വാങ്ങിയിട്ടുള്ളത്. വാങ്ങലുമായി ബന്ധപ്പെട്ട ഫയൽ, വർക്ക് ബില്ലുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയും പ്രകാരമാണ് ആവശ്യമായ മെറ്റീരിയൽ വാങ്ങിയിരിക്കുന്നത്. ഗ്രാവലിന് 4% ഉം ക്വാറി സാന്റിന് 14.5% ഉം ആണ് നികുതി ഈടാക്കേണ്ടത് എന്നിരിക്കെ കരാറുകാരിൽ നിന്നും നികുതികൾ ഈടാക്കിയിട്ടില്ല.

| പദ്ധതിയുടെ വിവരം | കരാറുകാരൻ | സാധനങ്ങളുടെ വിവരം | അളവ് | തുക | നികുതി |
|---|---|---|---|---|---|
| വാർഡ് 2ൽ തകിടിയിൽ മീനത്തുമൂല നടവഴി ഗ്രാവലിംഗ് | കെ.മുരളി | ഗ്രാവൽ@855 | 298.5$m^3$ | 255217 | 10209 |
| | | ക്വാറി സാന്റ് @1007 | 108$m^3$ | 108756 | 15770 |
| വാർഡ് 15ൽ കോന്തര പറമ്പ് റോഡ് ഗ്രാവലിംഗ് | മുഹമ്മദ് ഷാഫി | ഗ്രാവൽ | 293.5$m^3$ | 2,50,942 | 10038 |
| | | ക്വാറി സാന്റ് | 145.4$m^3$ | 1,46,417 | 21230 |
| വാർഡ് 5ൽ വീട്ടിൽ മുക്ക് ഉറ്റും കറ റോഡ് ഗ്രാവലിംഗ് | ഷൈൻ.റ്റി | ഗ്രാവൽ | 338.1$m^3$ | 2,89,075 | 11563 |
| | | ക്വാറി സാന്റ് | 21$m^3$ | 21,147 | 3066 |
| വാർഡ് 3ൽ ഏലൂർ മ ണിമന്ദിരം മേത്തൻ പറമ്പ് നടവഴി ഗ്രാവലിംഗ് | ഷൈൻ.റ്റി | ഗ്രാവൽ | 264.4$m^3$ | 2,26,062 | 9042 |
| | | ക്വാറി സാന്റ് | 39.85$m^3$ | 40,128 | 5819 |
| പുളിമൂട്ടിൽ ചിറ മല്ലശ്ശേരിൽ റോഡ് ഗ്രാവലിംഗ് | ഷൈൻ.റ്റി | ഗ്രാവൽ | 234.75$m^3$ | 2,00,711 | 8028 |
| | | ക്വാറി സാന്റ് | 34.2$m^3$ | 34,439 | 4994 |
| ആകെ | | | | | 99759 |

കരാറുകാരനിൽ നിന്നും നിയമാനുസൃതമുള്ള നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. നികുതി ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കേണ്ടതാണ്.

## 3-8 അംഗനവാടികൾക്ക് സാധന സാമഗ്രികൾ വാങ്ങൽ പദ്ധതി - വാങ്ങൽ നടപടികളിലെ അപാകതകൾ

പ്രോജക്റ്റ് നം. – S0037/16

അടങ്കൽ തുക – 3,17,630/- രൂപ (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം)

നിർവ്വഹണോദ്യോഗസ്ഥ – ഐ.സി.ഡി.എസ്. സൂപ്പർവൈസർ

ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അംഗനവാടികൾക്ക് താഴെ പറയും പ്രകാരമുള്ള സാധന സാമഗ്രികൾ ടെൻഡർ/ക്വട്ടേഷൻ നടപടിക്രമങ്ങൾ കൂടാതെ, അവ നേരിട്ട് വാങ്ങാൻ അനുമതിയുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വാങ്ങി വിതരണം നടത്തുവാൻ ഉദ്ദേശിച്ച് തയ്യാറാക്കി അംഗീകാരം നേടിയ പ്രോജക്റ്റ് ആയിരുന്നു ഇത്.

| ക്രമ നം | സാധന സാമഗ്രിയുടെ പേര് | വാങ്ങാനുദ്ദേശിച്ച എണ്ണം | മതിപ്പ് വില (ഒന്നിന്) | ആകെ വില |
|---|---|---|---|---|
| 1 | മേശ | 29 | 2750 | 79750 |
| 2 | കസേര | 44 | 510 | 22440 |
| 3 | അലമാര | 1 | 10600 | 10600 |
| 4 | ഫുഡ് കണ്ടെയ്നർ | 11 | 4500 | 49500 |
| 5 | പ്രഷർ കുക്കർ (10 ലിറ്റർ) | 29 | 3000 | 87000 |
| 6 | സ്റ്റീൽ പ്ളേറ്റ് | 137 | 60 | 8220 |
| 7 | സ്റ്റീൽ ഗ്ളാസ് | 202 | 20 | 4040 |
| 8 | സ്റ്റീൽ സ്പൂൺ | 202 | 15 | 3030 |
| | | | ആകെ | 264540 |

എന്നാൽ അംഗീകരിച്ച പദ്ധതി പ്രകാരം ഇവ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് വാങ്ങുന്നതിനു പകരം ടെൻഡർ ക്ഷണിച്ച് വാങ്ങുന്നതിന് നടപടി സ്വീകരിക്കുകയാണുണ്ടായത്. ഇതിനുള്ള കാരണം വ്യക്തമല്ല.

താഴെ പറയുന്ന സ്ഥാപനങ്ങൾ/വ്യക്തികൾ ഇതിനായി ടെണ്ടറുകൾ സമർപ്പിച്ചു.

1. അനിയൻസ് സ്റ്റീൽ ഫർണീച്ചർ ഇൻഡസ്ട്രീസ്, സൊസൈറ്റി ജംഗ്ഷൻ, തുക്കന്നപ്പുഴ.
2. അൽ - മാന ട്രേഡിംഗ് കമ്പനി, പ്രൈവറ്റ് ബസ് സ്റ്റാന്റിനു സമീപം, പത്തനംതിട്ട.
3. റ്റി.എസ്. ഹരിലാൽ,ഉറവശ്ശേരിൽ, ചിങ്ങോലി പി.ഒ.
4. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്, കാവുംഭാഗം, തിരുവല്ല.
5. കേരള ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കൊല്ലം.

ഇവർ സമർപ്പിച്ച ടെണ്ടറുകളിൽ ഉപകരണങ്ങളുടെയും സാധന സാമഗ്രികളുടെയും അളവുകളും സ്പെസിഫിക്കേഷനുകളും രേഖപ്പെടുത്തി ടെണ്ടറുകൾ സമർപ്പിച്ചത് താഴെ പറയും പ്രകാരമുള്ള മൂന്ന് ടെണ്ടറുകളാണ്. ഈ ടെണ്ടറുകൾ സമർപ്പിക്കപ്പെട്ടിട്ടുള്ളത് 30/07/2015 – ൽ ആണ്.

| ക്രമ നം. | സാധന സാമഗ്രി യുടെ പേര് | അനിയൻസ് സ്റ്റീൽ ഇൻഡസ്ട്രീസ് | | കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് | |
|---|---|---|---|---|---|---|---|
| | | സ്പെസിഫിക്കേഷൻ | നിരക്ക് (ഒന്നിന്) | സ്പെസിഫിക്കേഷൻ (എല്ലാത്തിനും 1 വർഷ ഗ്യാരണ്ടി) | നിരക്ക് (ഒന്നിന്) | സ്പെസിഫിക്കേഷൻ | നിരക്ക് (ഒന്നിന്) |
| 1 | മേശ | ഓഫീസ് ടേബിൾ<br>നോവോപാൻ ടോപ്പ് (ഡ്രോയർ ആന്റ് ടോപ്പ്)<br>48”x24”x30” | Rs.2320 | സ്റ്റീൽ ടേബിൾ<br>CRCA,<br>2 ഡ്രോയർ,<br>18 mm ഫൈബർ കോട്ടഡ് ടോപ്പ്,<br>തേക്ക് വുഡ് സൈഡ് ബീഡിംഗ്<br>4'x2' | a)22 ഗേജ്- Rs.1720<br>20 ഗേജ്- Rs.1890<br>18 ഗേജ് -a)ordinray paint heavy- Rs.1980<br>b) 3 times chemically treated CRCA sheet powder coated heavy- Rs.2200<br>c) 5 times -do- -- Rs.2350 | 4'x2' സ്റ്റീൽ ടേബിൾ,<br>18 ഗേജ്,<br>സിംഗിൾ ഡ്രോയർ,<br>നോവോ പാൻ ടോപ്പ്, | Rs.2750 |
| 2 | കസേര | പ്ളാസ്റ്റിക് കസേര(കയ്യോടു കൂടിയത്) | 315 | പ്ളാസ്റ്റിക് കസേര (കയ്യോടു കൂടിയത്) | a) ISI certified Nilkamal brand- Rs.430<br>b) National – Rs.240 | പ്ളാസ്റ്റിക് കസേര (കയ്യോടു കൂടിയത്) | Rs.350 |
| 3 | അലമാര | സ്റ്റീൽ അലമാര,18 ഗേജ്(ഒരു വർഷ ഗ്യാരണ്ടി) | 7810 | സ്റ്റീൽ അലമാര, CRCA with 8 step anti rust | a)22 ഗേജ്- Rs.5500 | സ്റ്റീൽ അലമാര, 20ഗേജ് | Rs.6000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | 78"x36"x18" | | treatment, welded construction, 2 way locking mechanism, chrome plated brass handle 78"x42"x19" | 20 ഗേജ്- Rs.5700<br>18 ഗേജ് -a)ordinray paint heavy- Rs.5890<br>b) 3 times chemically treated CRCA sheet powder coated heavy- Rs.6300<br>c) 5 times -do- -- Rs.6800 | 61/2'x3' 4 shelves | |
| 4 | ഫുഡ് കണ്ടയ്നർ | 3'x2'x2'<br>ജി.ഐ ഷീറ്റ്,18 ഗേജ് | 3860 | 4'xx2' 2 compartment, GI Sheet,lock &key with handle & supported by legs | a) 20 ഗേജ്- Rs.4600 b) 18 ഗേജ് ലൈറ്റ്- Rs.5300 c) 18 ഗേജ് ഹെവി- Rs.5800 | 11/2' dia x 3' ht. 20 ഗേജ് ഗാൽവ നൈസ്ഡ് ഷീറ്റ്, ലോക്ക്, 50 Kg | Rs.1750 |
| 5 | പ്രഷർ കുക്കർ (10 ലി) | ബട്ടർഫ്ളൈ,<br>5 വർഷവാറണ്ടി | Rs.1890 | a)ജാക്സൺ b)പ്രസ്റ്റീജ് | a)Rs.1750 b)Rs.2050 | a)പ്രസ്റ്റീജ് b)പീജിയൺ c)ഹോക്കിൻസ് | a)Rs.2300 b)Rs.1900 c)Rs.2200 |
| 6 | സ്റ്റീൽ പ്ളേറ്റ് | സ്റ്റീൽ പ്ളേറ്റ് | Rs.60 | a) സൂര്യ ബ്രാന്റ് b)അപർണ്ണ ബ്രാന്റ്<br>c)ശക്തി ബ്രാന്റ്<br>d)മെലാനി ബ്രാന്റ് | a)Rs.66<br>b)Rs.75<br>c)Rs.89 d)Rs.110 e) 1 Kg- Rs.390 | സ്റ്റീൽ പ്ളേറ്റ് | Rs.25 |
| 7 | സ്റ്റീൽ | സ്റ്റീൽ ഗ്ളാസ്സ് | Rs.15 | a) സേര ബ്രാന്റ് | a)Rs.10 b)Rs.15 | സ്റ്റീൽ ഗ്ളാസ്സ് | Rs.10 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഗ്ലാസ്സ് | | | b) സൂര്യ ബ്രാന്റ്<br>c) അപർണ്ണ ബ്രാന്റ് d) ശക്തി ബ്രാന്റ്<br>e) മെലാനി ബ്രാന്റ് | c)Rs.18 d)Rs.23<br>e)Rs.29 | | |
| 8 | സ്റ്റീൽ സ്പൂൺ | സ്റ്റീൽ സ്പൂൺ | Rs.10 | a)അപർണ്ണ ബ്രാന്റ് b) സൂര്യ ബ്രാന്റ്<br>c)ശക്തി ബ്രാന്റ്<br>d)മെലാനി ബ്രാന്റ് | a)Rs.7.50<br>b)Rs.9<br>c)Rs.10<br>d) Rs.18 | സ്റ്റീൽ സ്പൂൺ | Rs.5 |

ഗ്രാമ പഞ്ചായത്തിന്റെ മിനിട്സ് ബുക്കിൽ 27/02/2015 -ലെ II(13)- ാം നമ്പർ തീരുമാനമായി ഏറ്റവും കുറഞ്ഞ നിരക്കിൽ ടെണ്ടർ സമർപ്പിച്ച അനിയൻസ് സ്റ്റീൽ ഫർണീച്ചർ, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്നിവയുടെ ടെണ്ടറുകളിൽ സാധനങ്ങൾ പല സ്പെസിഫിക്കേഷനുകളോടു കൂടിയതായതിനാൽ പ്രൊക്യൂർമെന്റ് കമ്മറ്റി രണ്ട് കൂട്ടരെയും വിളിച്ച് വരുത്തി ഒരേ സ്പെസിഫിക്കേഷനോടു കൂടിയ സാധനങ്ങൾ നൽകുന്നതിന് ക്വട്ടേഷൻ വാങ്ങുന്നതിനും അവയിൽ ഏറ്റവും കുറഞ്ഞ നിരക്കിൽ ക്വട്ടേഷൻ സമർപ്പിക്കുന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ തീരുമാന പ്രകാരം അംഗീകരിക്കുന്നതിനും തീരുമാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

അനിയൻസ് സ്റ്റീൽ ഫർണീച്ചർ ഇൻഡസ്ട്രീസ് എന്ന സ്ഥാപനം അതിന്റെ ലെറ്റർ ഹെഡ്ഡിൽ തീയതി വെക്കാതെ നൽകിയിട്ടുള്ള ഒരു ക്വട്ടേഷൻ ഫയലിൽ ലഭ്യമാണ്. അതിൽ കാണിച്ചിട്ടുള്ള നിരക്കിലാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ താഴെ പറയും പ്രകാരം ആ സ്ഥാപനത്തിൽ നിന്നും സാധനസാമഗ്രികൾ വാങ്ങിയിട്ടുള്ളത്.

(ബിൽ നം.7/15-16, ഡി.ഡി.നം 754944/19.01.2016, രൂ.1,65,215/-)

| ക്രമ നം | സാധന സാമഗ്രിയുടെ പേര് | സ്പെസിഫിക്കേഷൻ | നിരക്ക് (ഒന്നിന്) | വാങ്ങിയ എണ്ണം | ആകെ വില |
|---|---|---|---|---|---|
| 1 | മേശ | സ്റ്റീൽ ടേബിൾ,18 ഗേജ് നോവോപാൻ ടോപ്പ് (ഡ്രോയർ ആന്റ് ലോക്കർ) 48"x24"x30" | 2240 | 29 | 64960 |
| 2 | കസേര | പ്ളാസ്റ്റിക് കസേര (കയ്യോടു കൂടിയത്) | 290 | 44 | 12760 |
| 3 | അലമാര | സ്റ്റീൽ അലമാര, 20ഗേജ്, ഓഫീസ് മോഡൽ 78"x36"x18" | 5600 | 1 | 5600 |
| 4 | ഫുഡ് കണ്ടയ്നർ | 3'x2'x2' ജി.ഐ ഷീറ്റ്, 20 ഗേജ് | 2640 | 11 | 29040 |
| 5 | പ്രഷർ കുക്കർ (10 ലി) | ബട്ടർഫ്ളൈ, 5 വർഷ വാറണ്ടി | 1600 | 29 | 46400 |
| 6 | സ്റ്റീൽ പ്ളേറ്റ് | സ്റ്റീൽ പ്ളേറ്റ് | 25 | 137 | 3425 |
| 7 | സ്റ്റീൽ ഗ്ളാസ്സ് | സ്റ്റീൽ ഗ്ളാസ്സ് | 10 | 202 | 2020 |
| 8 | സ്റ്റീൽ സ്പൂൺ | സ്റ്റീൽ സ്പൂൺ | 5 | 202 | 1010 |
| | | | | ആകെ | 165,215/- |

ഈ വാങ്ങലിൽ താഴെ പറയും പ്രകാരമുള്ള അപാകങ്ങൾ വന്നിട്ടുള്ളതായി കാണുന്നു.

1. അംഗീകരിച്ച പദ്ധതി പ്രകാരം സാധന സാമഗ്രികൾ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും നേരിട്ടു വാങ്ങൽ നടത്തുവാനായിരുന്നു ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഇതിനു പകരം ടെണ്ടർ ക്ഷണിച്ചു വാങ്ങാൻ തീരുമാനിച്ചതിന്റെ കാരണം വ്യക്തമല്ല.
2. വാങ്ങേണ്ട സാധനസാമഗ്രികളുടെ തരം, നിർമ്മാണ വസ്തു, മറ്റു സ്പെസിഫിക്കേഷനുകൾ എന്നിവ പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നില്ല. പിന്നീട് ടെണ്ടർ ക്ഷണിച്ചപ്പോഴും ഇവ പരസ്യത്തിൽ വ്യക്തമാക്കിയിരുന്നതായി രേഖയില്ല.
3. ടെണ്ടർ പരസ്യത്തിന്റെ പകർപ്പ് ഫയലിൽ ലഭ്യമല്ല. ടെണ്ടർ ക്ഷണിച്ച തീയതി, ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി, സമയം തുടങ്ങിവ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ നിന്നും ലഭ്യമല്ല.
4. ലഭിച്ച ടെണ്ടറുകളിൽ അനിയൻസ് സ്റ്റീൽ ഫർണിച്ചർ, തൃക്കുന്നപ്പുഴ , കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുടെ ടെണ്ടറുകളാണ് കുറഞ്ഞ നിരക്കിലുള്ളതെന്നും കേരള ആർട്ടിസാൻസ് കോർപ്പറേഷന്റെ ടെണ്ടർ ഉയർന്ന നിരക്കിലുള്ളതാണെന്നും 31/07/2015 ലെ കത്തിൽ

ഐ.സി.ഡി.എസ് സൂപ്പർവൈസർ പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ സ്പെസിഫിക്കേഷനുകൾ കണക്കിലെടുക്കുമ്പോൾ കേരള ആർട്ടിസാൻസ് കോർപ്പറേഷൻ സമർപ്പിച്ച ടെണ്ടറും സമാന നിരക്കിലുള്ളതായി കാണാം. പക്ഷെ ഈ സർക്കാർ സ്ഥാപനത്തെ തുടർന്ന് പരിഗണിച്ചില്ല.

5. 31/07/2015 ലെ കത്തിലാണ് ഈ വിഷയത്തിൽ പ്രൊക്യുവർമെന്റ് കമ്മറ്റി തീരുമാനമെടുക്കണമെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ അപേക്ഷിച്ചിട്ടുള്ളത്. എന്നാൽ ഇതിനു മുൻപെ 27/07/2015 ൽ തന്നെ പഞ്ചായത്തു കമ്മറ്റി ഈ വിഷയത്തിൽ പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ തീരുമാനം അംഗീകരിക്കുവാൻ തീരുമാനമെടുത്തു.
6. പ്രൊക്യൂർമെന്റ് കമ്മറ്റി 04/08/2015 -ൽ അനിയൻസ് സ്റ്റീൽ ഫർണീച്ചർ ഇൻഡസ്ട്രീസ്, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽ നിന്നും ഒരേ സ്പെസിഫിക്കേഷനോടു കൂടിയ ക്വട്ടേഷനുകൾ ആവശ്യപ്പെടുന്നതിനായി തീരുമാനിച്ചതായി അതിന്റെ മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അപ്രകാരം ആവശ്യപ്പെട്ടതായോ ക്വട്ടേഷനുകൾ സമർപ്പിക്കപ്പെട്ടതായോ രേഖയില്ല. തുടർന്ന് മൂന്നു ദിവസത്തിനകം 07/08/2015 ൽ പ്രൊക്യൂർമെന്റ് കമ്മറ്റി അംഗനവാടികളിലേക്ക് സാധന സാമഗ്രികൾ വാങ്ങൽ എന്ന പദ്ധതിയുടെ നടത്തിപ്പിലേക്ക് ക്ഷണിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ നൽകാമെന്ന് ക്വട്ടേഷൻ നൽകിയ അനിയൻസ് ഫർണീച്ചറിന്റെ ക്വട്ടേഷൻ അംഗീകരിച്ചതായി തീരുമാനമെടുത്തു. ഇപ്രകാരം അനിയൻസ് സ്റ്റീൽ ഫർണീച്ചർ ഇൻഡസ്ട്രീസിൽ നിന്നും വാങ്ങൽ നടത്തുവാൻ തീരുമാനമെടുക്കുവാനുള്ള കാരണം വ്യക്തമല്ല.
7. അനിയൻസ് സ്റ്റീൽ ഫർണീച്ചർ ഇൻഡസ്ട്രീസ് എന്ന സ്ഥാപനം തീയതി വെക്കാതെ നൽകിയിട്ടുള്ള ക്വട്ടേഷൻ പ്രകാരമാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ ആ സ്ഥാപനത്തിൽ നിന്നും സാധന സാമഗ്രികൾ വാങ്ങിയിട്ടുള്ളത്. ഇത് നിയമാനുസൃതമല്ല.
8. ഐ.സി.ഡി.എസ് സൂപ്പർവൈസർ ഓഡിറ്റിൽ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങിയ സാധനങ്ങളിൽ ഇനി പറയുന്നവ ഒഴികെ വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാങ്ങിയ 137 സ്റ്റീൽ പ്ളേറ്റുകൾ, 202 സ്റ്റീൽ ഗ്ളാസ്സുകൾ, 202 സ്റ്റീൽ സ്പൂണുകൾ എന്നിവയിൽ 10 സ്റ്റീൽ പ്ളേറ്റുകൾ (അംഗനവാടി നം.129 ന്), 18 സ്റ്റീൽ ഗ്ളാസ്സുകൾ (അംഗനവാടി നം.129 ന് 10 എണ്ണം, അംഗനവാടി നം.114 ന് 8 എണ്ണം), 10 സ്റ്റീൽ സ്പൂണുകൾ (അംഗനവാടി നം.114 ന്) എന്നിവ മാത്രമേ വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം. 16/14.11.2016) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പറഞ്ഞിരിക്കുന്ന അപാകതകളാൽ ഈ വാങ്ങലിനായി ചെലവു ചെയ്ത തുക 165,215/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-9 അംഗനവാടികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത - അടിയന്തിര നടപടികളുടെ ആവശ്യകത.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന അംഗനവാടികളിലെ നിലവിലുള്ള സൗകര്യങ്ങളെപ്പറ്റി നടത്തിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം

നം. 7/09.11.2016) ഐ.സി.ഡി.എസ് സൂപ്പർവൈസർ നൽകിയ മറുപടിയിലെ വിവരങ്ങൾ അംഗനവാടികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത വ്യക്തമാക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ നിലവിൽ ആകെ 30 അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ സ്വന്തമായി സ്ഥലം ഉള്ളത് 12 എണ്ണത്തിനും സ്വന്തമായി കെട്ടിടം ഉള്ളത് 10 എണ്ണത്തിനുമാണ്. ഉപയോഗയോഗ്യമായ ടോയ് ലറ്റ് 6 എണ്ണത്തിനു മാത്രമാണ് ഉള്ളത്. ബേബി ഫ്രണ്ട് ലി ടോയ് ലറ്റ് ഒന്നിനുമില്ല. ഇതിൽ നിന്നും പരിതാപകരമായ സാഹചര്യങ്ങളിലാണ് പഞ്ചായത്തിലെ അംഗനവാടികൾ പ്രവർത്തിച്ചു വരുന്നതെന്ന് വ്യക്തമാണ്. ഇപ്പോൾ ഗ്രാമ പഞ്ചായത്തിൽ 6 വയസ്സുവരെയുള്ള കുട്ടികളുടെ എണ്ണം 2238 (ആൺ - 1136,

പെൺ - 1102). അംഗനവാടികളിൽ ചേർന്നിട്ടുള്ള കുട്ടികളുടെ എണ്ണം 530 (ആൺ - 255, പെൺ - 275) ആണ്. ഇതിൽ നിന്നും ആകെ കുട്ടികളിൽ കേവലം നാലിലൊന്നിനു മാത്രമേ അംഗനവാടികളുടെ സേവനം ലഭ്യമാകുന്നുള്ളൂ എന്നു കാണാം. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അംഗനവാടികളിലെ സൗകര്യങ്ങളുടെ അപര്യാപ്തത ഇതിന്റെ ഒരു സ്വാഭാവിക കാരണമാകാം എന്ന വസ്തുത തള്ളിക്കളയാവുന്നതല്ല.

തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത് സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള ധാരാളം ജനങ്ങൾ പാർക്കുന്ന തീരദേശം ഉൾപ്പെടുന്ന പ്രദേശമാണ്. ഈ ജനങ്ങളുടെ പുരോഗതിയ്ക്ക് അംഗനവാടികളിലൂടെ സർക്കാർ ലഭ്യമാക്കുന്ന സാമൂഹ്യ ക്ഷേമ സേവനങ്ങൾ ഏവർക്കും ലഭ്യമാകേണ്ടത് അനുപേക്ഷണീയമാണ്. ഭാവി തലമുറയുടെ വിദ്യാഭ്യാസപരവും ആരോഗ്യപരവും സാമൂഹ്യപരവുമായ വളർച്ചയും ഉന്നമനവും ലക്ഷ്യമിട്ടുകൊണ്ട് ആവിഷ്കരിച്ച നടപ്പാക്കപ്പെടുന്ന പദ്ധതികളുടെ ഗുണഫലങ്ങൾ ലഭ്യമാകുന്നതിന് അംഗനവാടികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത തടസ്സമാകുന്നു.

ഗ്രാമ പഞ്ചായത്തിലെ എല്ലാ അംഗനവാടികൾക്കും സ്വന്തമായി സ്ഥലസൗകര്യം, കെട്ടിടം, ബേബി ഫ്രണ്ട് ലി ടോയ് ലറ്റ് മുതലായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിയ്ക്കുന്നതിന് അടിയന്തിരമായി തന്നെ കർമ്മ പദ്ധതി തയ്യാറാക്കി നടപ്പാക്കേണ്ടതാണ്.

## 3-10 ഫ്രണ്ട് ഓഫീസ് സംവിധാനങ്ങൾ അപര്യാപ്തം

ഗ്രാമപഞ്ചായത്തിൽ നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള ഫ്രണ്ട് ഓഫീസ് സംവിധാനം വളരെ പരിമിതമായ സൗകര്യത്തിലാണ് പ്രവർത്തിച്ചു പോരുന്നത്. ഗ്രാമപഞ്ചായത്തുകളിലെ ഫ്രണ്ട് ഓഫീസ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ചുള്ള സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 123/2009/ത.സ്വ.ഭ.വ തീയതി 02.07.2009 ലെ നിർദ്ദേശങ്ങൾ പ്രകാരം പൊതുജനങ്ങൾക്കായി ഏർപ്പെടുത്തേണ്ട ഭൗതിക സൗകര്യങ്ങൾ ഒന്നും തന്നെ പഞ്ചായത്ത് ഏർപ്പെടുത്തിയിട്ടില്ല. ഫ്രണ്ട് ഓഫീസിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാവുന്ന സേവനങ്ങൾ, അതിനുള്ള നിബന്ധനകൾ എന്നിവ സംബന്ധിച്ച് പ്രദർശിപ്പിക്കേണ്ട ബോർഡുകൾ പ്രദർശിപ്പിച്ചിട്ടില്ല. നിലവിൽ ഫ്രണ്ട് ഓഫീസിന്റെ ചുമതലകൾ മുഴുവൻ സമയവും നിർവ്വഹിക്കുന്ന തിലേക്കായി ഒരു ഫ്രണ്ട് ഓഫീസ് അറ്റന്റന്റ് മാത്രമാണ് പ്രവർത്തിച്ചു പോരുന്നത്. ഗ്രാമ പഞ്ചായത്തിന്റെ ഭരണ നിർവ്വഹണവും പൊതുജനങ്ങൾക്കായി നൽകുന്ന സേവനങ്ങളും യഥാസമയം കാര്യക്ഷമവും ഫലപ്രദവുമായി ജനങ്ങളിലേക്ക് എത്തിക്കുന്നതിന് ആവശ്യമായ ഭൗതിക സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന ഒരു ഫ്രണ്ട് ഓഫീസ് സംവിധാനം അനിവാര്യമാണ്. ആയതിനാൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചു കൊണ്ടുള്ള ഫ്രണ്ട് ഓഫീസ് സംവിധാനം ഒരുക്കുന്നതിന് ഗ്രാമ പഞ്ചായത്ത് അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടത് അത്യാവശ്യമാണ്.

## 3-11 ശാരീരിക ,മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് പദ്ധതി - ഗുണഭോക്താക്കൾക്ക് ആനുകൂല്യം പൂർണ്ണമായി ലഭിച്ചില്ല.

ബിൽ നം.10/15-16, 2,39,400/- രൂപ

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ പദ്ധതിയായിരുന്നു ശാരീരിക മാനസ്സിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് എന്ന പദ്ധതി (പ്രോജക്ട് നം . S0036/16). ഈ പദ്ധതിയുടെ അടങ്കൽ തുകയായിരുന്ന 4,78,800/- രൂപയിൽ 1,19,700/- രൂപ വീതം ആകെ 2,39,400/- രൂപ ബ്ളോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളുടെ വിഹിതമായി ലഭ്യമാക്കേണ്ടതായിരുന്നു. എന്നാൽ ഈ പദ്ധതി നടപ്പാക്കിയപ്പോൾ ഈ സ്ഥാപനങ്ങളുടെ വിഹിതം ഇല്ലാതെ ഗ്രാമ പഞ്ചായത്ത് വിഹിതമായ 2,39,400/- രൂപ മാത്രം വിനിയോഗിച്ച് പദ്ധതി നടപ്പാക്കി. ഇതു കാരണം ഈ പദ്ധതിയുടെ ഗുണഭോക്താക്കളായ കുട്ടികൾക്ക് പദ്ധതിയിൽ വിഭാവനം ചെയ്യപ്പെട്ട സ്കോളർഷിപ്പ് തുകയുടെ പകുതി തുക മാത്രമേ ലഭ്യമായുള്ളൂ. സർക്കാർ നിർദ്ദേശ പ്രകാരം ഈ വിധത്തിൽ സംയുക്ത പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ മറ്റു തദ്ദേശ ഭരണസ്ഥാപനങ്ങളുടെ വിഹിതം ഗ്രാമ പഞ്ചായത്തിനു കൈമാറേണ്ടതാണ്. ഇപ്രകാരം തുക ലഭ്യമാക്കാതെ പദ്ധതി നടപ്പാക്കിയതു കാരണം

അവശതയനുഭവിക്കുന്ന ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നഷ്ടപ്പെടുവാനിടയായി. സംയുക്ത പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോൾ തന്നെ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-12 തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ് - ബൾബുകളുടെ എണ്ണം, ഇനം എന്നിവയ്ക്ക് വ്യക്തമായ കണക്കുകളില്ല.

2015-16വർഷം പ്രതിമാസം 35455 രൂ നിരക്കിൽ ഗ്രാമപഞ്ചായത്ത് ആകെ 425460 രൂ വൈദ്യുതിചാർജ്ജിനത്തിൽ കെ എസ് ഇ ബി യിൽ ഒടുക്കിയിട്ടുണ്ട്. ഓഡിറ്റ് വേളയിൽ (11/16) കെ എസ് ഇ ബി അധികൃതരിൽനിന്നും ഗ്രാമപഞ്ചായത്തിന് ലഭ്യമായ രേഖകൾ പ്രകാരം 275 എണ്ണം 40 വാട്സ് ബൾബുകളും 70 എണ്ണം ഫ്ളൂറസെന്റ് ട്യൂബുകളും 514 സി.എഫ്. എൽ വിളക്കുകളും ഇപ്പോൾ ഉണ്ട്.

2015-16 വർഷം 255 എണ്ണം 2x15 സിഎഫ്എൽ വിളക്കുകൾ സ്ഥാപിച്ചു എങ്കിലും (9/15) ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ബോർഡ് അധികാരികൾ നൽകിയിട്ടില്ല. ഇതിൽ നിന്നും ടി 255 എണ്ണം വിളക്കുകൾ കെ എസ് ഇ ബി യുടെ കണക്കിൽ ഉൾപ്പെട്ടിട്ടില്ല എന്ന് വ്യക്തമാണ്. (514 സിഎഫ് എൽ എന്നത് 14-15 വർഷം നിലവിലുണ്ടായിരുന്ന 309 എണ്ണത്തിനോട് ഈ വർഷം പുതുതായി സ്ഥാപിച്ച205എണ്ണം കൂടി ഉൾപ്പെടുന്നതാണ്) 2015-16 വർഷം സ്ഥാപിച്ച സി.എഫ്.എൽ. ബോർഡ് അധികാരികളുടെ കണക്കിൽ ഉൾപ്പെടുത്താത്തതിനാലും തെരുവ് വിളക്കുകൾ സംബന്ധിച്ച് വ്യക്തമായ കണക്കുകൾ പഞ്ചായത്തിൽ സൂക്ഷിക്കാത്തതിനാലും അധിക നിരക്കിൽ കറണ്ട് ചാർജ്ജ് ഒടുക്കേണ്ട സാഹചര്യമാണ് നിലനിൽക്കുന്നത് . സംയുക്തപരിശോധന നടത്തി തെരുവുവിളക്കുകളുടെ എണ്ണം ഉറപ്പുവരുത്തേണ്ടതും അവയിൽ മീറ്ററുകൾ സ്ഥാപിച്ച് അധിക വൈദ്യുതി ചാർജ്ജ് ഒടുക്കു വരുത്തുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 3-13 ഒൻപതാം വാർഡിൽ കുഴൽകിണർ നിർമാണം-പ്രവൃത്തി ആരംഭിച്ചിട്ടില്ല

പ്രോജക്ട് നം – S0187/16

ചെലവുവിവരം

| | | |
|---|---|---|
| വികസന ഫണ്ട് | 350000 | ബിൽ നം. – 1007/15,25.3.16 |
| വികസന ഫണ്ട് | 325000 | ബിൽ നം. – 960/15,25.3.16 |
| ആകെ | 675000 | |

കുഴൽകിണർ നിർമാണത്തിനായി ഗ്രൗണ്ട് വാട്ടർ വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഇതിനായി വകയിരുത്തിയിരുന്ന 675000/- രൂപ ഗ്രൗണ്ട് വാട്ടർ വകുപ്പ്, ആലപ്പുഴ ജില്ലാ ഓഫീസറുടെ പേരിൽ ഒടുക്കി. കരാർ പ്രകാരം ടി വേല 26-9-16 മുമ്പായി പൂർത്തിയാക്കേണ്ടിയിരുന്നു. എന്നാൽ ഓഡിറ്റ് തീയതിയായ 11/16 ൽ പോലും വേല ആരംഭിച്ചിട്ടില്ല. ശുദ്ധജലക്ഷാമം നേരിടുന്ന ഈ പ്രദേശത്തെ ജനങ്ങൾക്ക് ആശ്വാസമായിത്തീരും എന്നു പ്രതീക്ഷിച്ച പ്രസ്തുത പദ്ധതി അടിയന്തിരമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. 675000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-14 പത്താം തരം തുല്യത-വിനിയോഗ രേഖയില്ല

പ്രോജക്ട് നം – S0014/16

ചെലവ് വിവരം

| | | |
|---|---|---|
| വികസനഫണ്ട് | 23400 | ബിൽനം-<br>3/15,30.3.16 |

| | | |
|---|---|---|
| ഗുണഭോക്തൃവിഹിതം | 2600 | |
| ആകെ | 26000 | |

13 പഠിതാക്കളുടെ കോഴ്സ് ഫീസ്, പരീക്ഷാഫീസ് എന്നീ ഇനങ്ങളിൽ വികസനഫണ്ടിൽ വകയിരുത്തിയിരുന്ന 23400/- രൂപയും രജിസ്ട്രേഷൻ ഫീസിനത്തിൽ ഒരു പഠിതാവിൽ നിന്നും 200/- രൂപ വീതം ഈടാക്കിയ ഇനത്തിലെ ആകെ തുകയായ 2600/- രൂപയും ഉൾപ്പടെ ആകെ 30000/- രൂപ സാക്ഷരതാ മിഷൻ ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട് (കൈപ്പറ്റ് രസീത് തീയതി-4-4-16). എന്നാൽ എത്ര ഗുണഭോക്താക്കൾ കോഴ്സിൽ പങ്കെടുത്തു, എത്ര പേർ പരീക്ഷഎഴുതി,ഇതിൽ വിജയിച്ചവർ എത്ര എന്നീ വിവരങ്ങൾ വ്യക്തമാക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. തുക 26000/- രൂപ തടസപ്പെടുത്തുന്നു.

## 3-15 ഭവന നിർമാണം-പൊതുവിഭാഗം- അനർഹക്ക് ആനുകൂല്യം

പ്രോജക്ട് നം. – S0024/16

നിർവഹണം – വി ഇ ഒ

പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി, വിധുഭായി, വാടച്ചിറയിൽ എന്ന ഗുണഭോക്താവിന് ഭവന നിർമാണത്തിനായി ചുവടെ ചേർക്കും പ്രകാരം 180000/- രൂപ ധനസഹായം അനുവദിച്ചു.

| തുക | ബിൽനം, തീയതി | ബിൽ തുക |
|---|---|---|
| 20000 | 6/15-16,15-10-15 | 220000 |
| 60000 | 9/15-16,31-10-15 | 60000 |
| 60000 | 14/15-16,16-1-16 | 360000 |
| 40000 | 20/15-16,20-2-16 | 180000 |

ടിയാൾ 1420054570-ാം നം. റേഷൻകാർഡിലെ കുടുബനാഥനായ ബാലകൃഷ്ണന്റെ ഭാര്യയാണ്. പ്രസ്തുത റേഷൻകാർഡിൽ ടിയാന്റെ തൊഴിൽ കൂലിവേല എന്നാണ് കാണിച്ചിട്ടുള്ളത്. വില്ലേജ് ഓഫീസർ നൽകിയ വരുമാന സർട്ടിഫിക്കറ്റ് പ്രകാരം വിധുഭായിയുടെ വാർഷിക കുടുംബ വരുമാനം 32000/- രൂപ മാത്രമാണ്. എന്നാൽ അപേക്ഷയോടൊപ്പം ഹാജരാക്കിയ കരാറിന്റെ പകർപ്പിൽ ബാലകൃഷ്ണന്റെ തൊഴിൽ എക്സ് സർവീസ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. സർക്കാരിൽ നിന്നും ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനായി തെറ്റായ വിവരങ്ങളാണ് ഗുണഭോക്താവ് നൽകിയിട്ടുള്ളതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 4/8-11-16) മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥിരവരുമാനമില്ലാത്ത സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ ഉദ്ദേശിച്ചുള്ള ഇത്തരം പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ അനർഹരെ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. 180000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

ഇത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

## 3-16 സിഎഫ് എൽ വാങ്ങൽ, സ്ഥാപിക്കൽ -അപാകതകൾ

പ്രോജക്ട് നം – S0159/16

ചെലവ് – 379950/-, ബിൽ നം – 421/8-10-15

പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽസിൽനിന്നും ഒരെണ്ണത്തിന് 1490/- രൂപ വിലക്ക് 255 എണ്ണം ഓട്ടോമാറ്റിക് 2X15 W സി എഫ് എൽ വാങ്ങി (ബിൽ നം STL107/14.9.15-180 എണ്ണം, STL 135/22-9-15, 75 എണ്ണം). പ്രസ്തുത സിഎഫ് എൽ വിളക്കുകൾ, ആൽഫ ഇലക്ട്രോണിക്സ് മൊബൈൽ സർവീസ് യൂണിറ്റ് മുഖാന്തിരം 15 എണ്ണം വീതം 17 വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ളതായി അതാത് വാർഡ് അംഗങ്ങൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

ഇതിന്റെ ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

പ്രസ്തുത വാങ്ങൽ, തുടർ പരിപാലനം എന്നിവയ്ക്കായി യുണൈറ്റഡ് ഇലക്ട്രിക്കൽസുമായി ഗ്രാമപഞ്ചായത്ത് കരാർ വച്ചിട്ടില്ല. സി.എഫ്.എൽ സ്ഥാപിക്കുന്നതിനായി ആൽഫ ഇലക്ട്രോണിക്സ് മൊബൈൽ സർവീസ് യുണിറ്റിനെ ഏർപ്പെടുത്തിയത് യുണൈറ്റഡ് ഇലക്ട്രിക്കൽസ് തന്നെയാണെന്നാണ് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ പറഞ്ഞിട്ടുള്ളത്. ഇതിന് ഗ്രാമപഞ്ചായത്ത് ഇൻസ്റ്റലേഷൻ ചാർജ്ജ് പ്രത്യേകമായി നൽകിയിട്ടില്ല. ഒരു സി.എഫ്.എൽ ന്റെ വിലയായ 1490/- രൂപയിൽ ഇൻസ്റ്റലേഷൻ ചാർജ്ജ് കൂടി ഉൾപ്പെടുന്നുണ്ടോയെന്ന് വ്യക്തമല്ല.

255 സി.എഫ്.എൽ വിളക്കുകൾ സ്ഥാപിച്ചതായി കെ.എസ്.ഇ.ബി അധികാരികൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇതിൽനിന്നും പ്രസ്തുത വിളക്കുകളുടെ വിവരങ്ങൾ കെ എസ് ഇ ബി അധികാരികളുടെ കണക്കിൽ ഉൾപ്പട്ടിട്ടില്ല എന്ന് വ്യക്തമാണ്.

കേടായ തെരുവുവിളക്കുകൾ സംബന്ധിച്ച പരാതികൾ രേഖപ്പെടുത്തുന്നതിനായി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഗ്യാരന്റി കാലയളവിൽ എത്രവിളക്കുകൾ കേടായി എന്നും, അതിൽ എത്ര എണ്ണത്തിന്റെ അപാകത സമയബന്ധിതമായി പരിഹിച്ചു എന്നും വ്യക്തമായ കണക്കുകളില്ല. ഭാവിൽ ഇത്തരം അപാകതകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-17 മെഡിക്കൽ കോളേജ് ഉല്ഘാടനം -കമാനം , ഫ്ളക്സ്-ചെലവ് അംഗീകരിക്കുന്നില്ല

ഹരിപ്പാട് മെഡിക്കൽ കോളേജ് നിർമ്മാണോദ്ഘാടനത്തിന് ആശംസ അർപ്പിച്ചുകൊണ്ട് കമാനം സ്ഥാപിച്ച വകയിൽ ബിൽ നം 383/15-16, 31-8-15 പ്രകാരം 5000/- രൂപയും (ചെക്ക് നം. 024993/31-8-15, നാസറിന് നൽകി) ഫ്ലക്സ് തയ്യാറാക്കിയ വകയിൽ ബിൽ നം. 384/15-16, 31-8-15 പ്രകാരം 4300/- രൂപയും (ചെക്ക് നം. 024993/31-8-15 വാരിയംപള്ളി ഡിജിറ്റൽ ഫ്ലക്സ്, ഹരിപ്പാട്) തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചു.

മെഡിക്കൽ കോളേജ് നിർമ്മാണോദ്ഘാടന ചടങ്ങ് നടന്നത് കരുവാറ്റ പഞ്ചായത്തിന്റെ പരിധിയിലാണ്. കമാനം സ്ഥാപിച്ചതായി പറയുന്ന സ്ഥലം കരുവാറ്റ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ദേശീയപാത യോരത്തുള്ള കൽപ്പകവാടി ജംഗ്ഷനിലാണ്. ഇത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെടുന്ന ചെലവായി കണക്കാക്കുവാൻ കഴിയുകയില്ല. മറ്റൊരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടത്തിയ ചടങ്ങിനായി സർക്കാർ അനുമതിയില്ലാതെ തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല. ഇതിൻമേൽ നൽകിയ ഓഡിറ്റ് അന്വേഷണം നം-13/11-11-16ന്, പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതിയോടെയാണ് തുക നൽകിയതെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. ഈ സാഹചര്യത്തിൽ 9300/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-18 ഡെപ്പോസിറ്റ് വർക്കുകൾ - മോണിട്ടറിംഗ് കാര്യക്ഷമമല്ല.

വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾ ക്കായി താഴെ പറയും പ്രകാരം മുൻകൂറുകൾ നൽകിയിട്ടുള്ളതായി കാണുന്നു.

| മുൻകൂറുകളുടെ വിവരം | തുക |
|---|---|
| Other advances | 28,100 |
| Deposit with KWA | 46,000 |
| Deposit with KSEB | 10,05,679 |
| Advance to others | 55,420 |

മേൽ നിക്ഷേപങ്ങൾ ഏത് വർഷം നൽകിയതാണെന്നും അവയുടെ ഇപ്പോഴത്തെ അവസ്ഥയും വിശദീകരിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയില്ല. ഓണം അഡ്വാൻസ് ഒഴികെയുള്ള വിവരങ്ങളൊന്നും ഡപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. തുക മുൻകൂറായി നൽകുന്നതല്ലാതെ പ്രവൃത്തികളുടെ പൂർത്തീകരണ വിവരങ്ങൾ നിരീക്ഷിക്കപ്പെടുന്നില്ല. നിക്ഷേപ പ്രവൃത്തികളിൽ മോണിട്ടറിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

## 3-19 നികുതികൾ ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കുവരുത്തുന്നില്ല.

വാർഷിക കണക്ക് പ്രകാരം മറ്റ് വകുപ്പുകളിൽ ഒടുക്കേണ്ടുന്ന താഴെ പറയുന്ന തുകകൾ ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കിയിട്ടില്ല എന്ന് കാണുന്നു.

| ഇനം | തുക |
|---|---|
| വാറ്റ് | 1,185 |
| വാറ്റ് | 15,999 |
| വെൽഫെയർ ഫണ്ട് | 3,833 |

മേൽ തുകകൾ ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കേണ്ടതാണ്.

## 3-20 മെമ്മോ ഓഫ് പേയ്മെന്റ് തയ്യാറാക്കിയതിലെ അപാകത-പഞ്ചായത്ത് ഫണ്ടിന് വരവ് നഷ്ടം.

2015-16 വർഷം താഴെ പറയുന്ന പ്രവൃത്തികളുടെ ആകെ മൂല്യത്തിൽ നിന്നും, പ്രവൃത്തികളുടെ കാലതാമസത്തിനുള്ള പിഴ കുറവ് ചെയ്തത് കാരണം പഞ്ചായത്തിന്റെ ദൈനം ദിന ചെലവുകൾക്ക് ഉപയോഗിക്കാമായിരുന്ന 26,788/- രൂപ കുറവ് വന്നിട്ടുണ്ട്.

| പ്രോജക്റ്റിന്റെ പേര് | ആകെ മൂല്യത്തിൽ നിന്നും പിഴ ഇനത്തിൽ കുറവ് ചെയ്ത തുക |
|---|---|
| വാർഡ് 3 ൽ K.V ജെട്ടി, കീച്ചാൻ മുക്ക് തെറ്റിക്കാട് റോഡ് മെറ്റലിംഗ് | 2889 |
| വാർഡ് 17 ൽ പുത്തൻപുര എളേരി കോളനി റോഡ് കോൺക്രീറ്റിംഗ് | 6014 |
| ഇലഞ്ഞിമൂട് കോടത്ത് കടവ് റോഡ് ഗ്രാവലിംഗ് | 6113 |

| | |
|---|---|
| | |
| തറയിൽ ചിത്താപറമ്പ് റോഡ് മെറ്റലിംഗ്, ടാറിംഗ് | 10221 |
| കാവുങ്കൽ റോഡ് മെറ്റലിംഗ് | 1551 |
| ആകെ | 26788 |

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 30.10.07 ലെ സർക്കുലർ നം. 59827/എഫ്.എം/07 പ്രകാരം കരാറുകാരനിൽ നിന്നും ഈടാക്കുന്ന പിഴ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടാവുന്നതാണെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ ആകെ മൂല്യത്തിൽ നിന്നും പിഴ കുറവ് വരുത്തിയത് കാരണം പദ്ധതി ചെലവിലും കുറവ് സംഭവിച്ചു. ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്കുകളുടെ പരിശോധന

വാർഷിക കണക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. ജനറൽ പർപ്പസ് ഗ്രാന്റിന്റെ അവസാന ഗഡു തുക അക്കൗണ്ടിൽ വരവിലെടുത്തിട്ടില്ല. 6,58,500/- രൂപ വീതം 12 തവണകളായി ആകെ വരവ് വെക്കേണ്ടത് 79,02,000/- രൂപയാണ് എന്നിരിക്കെ 72,43,500/- രൂപ മാത്രമാണ് വരവിലെടുത്തിരിക്കുന്നത്. ആകെ വരവിൽ 6,58,500/- രൂപയുടെ കുറവ് വന്നിട്ടുണ്ട്.
2. ആസ്തി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. B 11ൽ ഡിപ്രീസിയേഷൻ രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ കൃത്യത പരിശോധിക്കുവാൻ രേഖകൾ ഹാജരാക്കിയിട്ടില്ല.
3. ഡെപ്പോസിറ്റ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കുമായി തുലനം ചെയ്യാൻ സാധിക്കുന്നില്ല.
4. മുൻകൂർ രജിസ്റ്ററിൽ ഓണം അഡ്വാൻസ് ഒഴികെയുള്ള മറ്റ് മുൻകൂറുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.
5. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുകയോ, സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റാബേസിൽ രേഖപ്പെടുത്തലുകൾ പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. (പ്രത്യേക ഖണ്ഡിക ഉൾപ്പെടുത്തിയിട്ടുണ്ട്). ആയതിനാൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.
6. 2014-15 ലെ ബി15 പത്രികയിൽ ബാലൻസ് കാണിച്ചിട്ടുള്ള (വസ്തു നികുതി - 12,29,553/-, സർവ്വീസ് സെസ് - 46,691/-) തുകകളും 2015-16 ലെ RP 43, B15 തുകകളും പൊരുത്തപ്പെടുന്നില്ല.
7. 2014-15 ലെ ബി15 പത്രികയിൽ തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീസ് ഇനങ്ങളിൽ ബാലൻസ് രേഖപ്പെടുത്തിയിരുന്നില്ലെങ്കിലും 2015-16 ൽ ടി ഇനങ്ങളിൽ അരിയർ കളക്ഷൻ രേഖപ്പെടുത്തിയിരിക്കുന്നു.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ലഭിച്ചിട്ടില്ല.

## 4-3. ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വാർഡ് 7 സ്ട്രീറ്റ് മെയിൻ വലിക്കൽ | ബിൽ നം. 1086/ 25.03.16 | 52,990 | - | 52,990 |
| ഗ്രൗണ്ട് വാട്ടർ | വാർഡ് 9 കുഴൽ കിണർ നിർമ്മാണം | ബിൽ നം. 960,1007/ 25.03.16 | 6.75,000 | - | 6.75,000 |

## 4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ (സ) നം. 960/10/ 20.03.2010 | 1,30,39,500 | 64,80,250 | 13,03,950 | - | 51,76,300 |

## 4-6. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 8364/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2012-13 | 3-3 | 1194 | മുഹമ്മദ് സാലി,മെമ്പർ | 11504101693/08.10.15 |
| 2012-13 | 3-3 | 1194 | വിനോദ് കുമാർ,മെമ്പർ | 11504101746/09.10.15 |
| 2012-13 | 3-3 | 1194 | ഷൈല,മെമ്പർ | 11504101785/12-10-15 |
| 2012-13 | 3-3 | 1194 | ഷൈലജ,മെമ്പർ | 11504101791/12.10.15 |
| 2012-13 | 3-3 | 1194 | ത്രേസ്യാ സാവിദ്,മെമ്പർ | 11504101919/12.10.15 |
| 2012-13 | 3-3 | 1194 | സീമ പ്രേംകുമാർ, മെമ്പർ | 11504101920/14.10.15 |
| 2014-15 | 3-6 | 120 | ഹസീന | 11504100238/4.15 |
| 2014-15 | 3-6 | 240 | ഗീത | 11504100241/4.15 |
| 2014-15 | 3-6 | 120 | നസെയ്ബ | 11504100242/4.15 |
| 2014-15 | 3-6 | 480 | മധു | 11504100402/4.15 |
| 2014-15 | 3-6 | 240 | രാധാമണി | 11504100526/4.15 |
| | ആകെ | 8364 | | |

## 4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

--ഇല്ല--

## 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 3,23,48,221 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 4,02,45,768 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 14350 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 14,70,664/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | | 14,350 | സബിത, അസിസ്റ്റന്റ് എഞ്ചിനീയർ<br>അശോകൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | | 14,350 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 66,166 | സബിത, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | 3,48,983 | സബിത, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8 | 1,65,215 | പ്രീതകുമാരി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-13 | 6,75,000 | എ. ആമിനാ ബീവി, സെക്രട്ടറി |
| 3-14 | 26,000 | ശ്രീദേവി, പ്രധാനാധ്യാപിക |
| 3-15 | 1,80,000 | റ്റി. ഷാജിമോൻ, വി.ഇ.ഒ |
| 3-17 | 9,300 | പ്രീതീനാഥ്, സെക്രട്ടറി |
| ആകെ | 14,70,664 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-5 | 15,284/- (വാറ്റ്) | ശ്രീ. രാജൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | 99,759/- (വാറ്റ്) | ശ്രീമതി. എ. ആമിനാ ബീവി, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. സബിത, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചവറ ഗ്രാമപഞ്ചായത്ത്. | പുന്നപ്പുറത്ത്, ചെമ്മക്കാട്. പി. ഒ, പെരിനാട്, കൊല്ലം. |
| ശ്രീ. അശോകൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | മുനിസിപ്പൽ സെക്രട്ടറി, കോട്ടയം മുനിസിപ്പാലിറ്റി | |
| ശ്രീ. പ്രീതിനാഥ്, സെക്രട്ടറി | | പരമേശ്വരം, ആറാലമ്മൂട്. പി. ഒ, നെയ്യാറ്റിൻകര |
| ശ്രീമതി. പ്രീതകുമാരി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | സി.ഡി.പി.ഒ, നിലമ്പൂർ അഡീഷണൽ, ഇഡുക്കര | തീർത്ഥം, കഴക്കൂട്ടം. പി. ഒ, തിരുവനന്തപുരം. |
| ശ്രീമതി. ശ്രീദേവി, പ്രധാനാധ്യാപിക | ജി.എൽ.പി.എസ്, തൃക്കുന്നപ്പുഴ | വസന്തം, തോട്ടപ്പള്ളി. പി. ഒ |
| ശ്രീ. റ്റി. ഷാജിമോൻ, വി. ഇ.ഒ | വി.ഇ.ഒ, തൃക്കുന്നപ്പുഴ | തുമ്പോളിത്തോപ്പിൽ, നീർക്കുന്നം, വണ്ടാനം. പി. ഒ |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 മുതൽ 1999-2000 | എൽ.എഫ്.ജി.എ5-1832/11തീയതി 31.01.12 |
| 2000-01 | എൽ.എഫ്.എ.12-256/05/18.05.05 |

| | |
|---|---|
| 2001-02 | എൽ.എഫ്.എ.12-912/06/10.11.06 |
| 2002-03 | എൽ.എഫ്.എ.12 -1667/07/28.07.08 |
| 2003-04 | എൽ.എഫ്.എ.12-1245/09/12.03.09/18.04.09 |
| 2004-05 | എൽ.എഫ്.എ.പി3-178(1)/12/05.10.12/12.10.12 |
| 2005-06 | എൽ.എഫ്.എ.പി3-178(2)/12/05.10.12/12.10.12 |
| 2006-07 | എൽ.എഫ്.എ.പി3-178(3)/12/09.11.12 |
| 2007-08 | എൽ.എഫ്.എ.പി3-178(4)/12/14.03.13 |
| 2008-09 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ5-1577/13/15.05. |
| 2010-11<br>2011-12 | എൽ.എഫ്.എ.പി3-739/13/02.01.14/07.02.14 |
| 2012-13 | എൽ.എഫ്.എ.പി3-131/15തീയതി 21.03.15 |
| 2013-14 | കെ.എസ്.എ.എ.എൽ.പി/പി3-217/2016തീയതി.15.03.16/ 26.03.16 |
| 2014-15 | കെ.എസ്.എ.എ.എൽ.പി/പി3-834/16/30.07.2016 |

ഡെപ്യൂട്ടി ഡയറക്ടർ

നം.കെ.എസ്.എ-എ.എൽ.പി-പി3-1311/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
ഫോൺ – 0477 2252753
ഇ-മെയിൽ : ddhglfalpy@gmail.com
തീയതി 21.11.2016

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1 ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA-ALP-P3-1311/16

Kerala state Audit Department
District Audit Office, Alappuzha
Ph: 0477 2252753
Email- ddhglfalpy@gmail.com
Date : 21.11.2016

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of Thrikkunnapuzha Grama Panchayat in Alappuzha district for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Thrikkunnapuzha Grama Panchayat for the year 2015-16 except the obeservations in my report, Para 4-1, properly presents the picture of income and expenditure.

Deputy Director